
04
2021
സെപ്റ്റംബർ
ശനി
1197
ചിങ്ങം 19

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 144 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-145 പേജ് 4. വില 2.00 രൂപ

02 മുൻഗണനാ റേഷൻ കാർഡ്: ഒരു ലക്ഷത്തിലധികം പേർക്ക് പിങ്ക് കാർഡ് നൽകും
03 കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലെന്നു ധനമന്ത്രി
04 സംസ്ഥാനത്ത് 29,322 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

# കേരള തീരത്ത് ജാഗ്രത! പരിശോധനയും ശക്തമാക്കി



കോഴിക്കോട് : താലിബാൻ ജയിലിലുകളിൽനിന്നു തുറന്നുവിട്ട ഐഎസ് മലയാളികൾ കടൽമാർഗം ഇന്ത്യയിലേക്കു കടക്കാനുള്ള സാധ്യതകൾ മുൻനിർത്തി കേരള തീരത്ത് അതീവ ജാഗ്രത. കേന്ദ്രസംസ്ഥാന രഹസ്യാന്വേഷണ വിഭാഗത്തിൻറെ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ കോസ്റ്റൽപോലീസ് പട്രോളിംഗും പരിശോധനയും ശക്തമാക്കി.

സംസ്ഥാനത്ത് 18 കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾക്കും സുരക്ഷ ശക്തമാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. കോസ്റ്റൽ ഐജി പി.വിജയൻറെ നേതൃത്വത്തിൽ സുരക്ഷ വിലയിരുത്തുന്നുണ്ട്. ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) , ഇൻറലിജൻസ് ബ്യൂറോ (ഐബി), എസ്എസ്ബി വിഭാഗങ്ങൾ തീരമേഖലയുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ ശേഖരിച്ചു. തീരദേശവുമായി ബന്ധപ്പെട്ടുള്ള ജില്ലാ പോലീസ് മേധാവിമാർക്ക് സുരക്ഷ ശക്തമാക്കാൻ മുന്നറിയിപ്പും നൽകിയിട്ടുണ്ട്.

തീരപ്രദേശവുമായി ബന്ധപ്പെട്ട് അപരിചിതരെ കണ്ടാൽ അറിയിക്കണമെന്നു മത്സ്യതൊഴിലാളികൾക്കും തീരദേശവാസികൾക്കും കോസ്റ്റൽപോലീസ് മുന്നറിയിപ്പ് നൽകി. കൂടാതെ തീരമേഖലയിലെ ഹോട്ടലുകൾക്കും ലോഡ്ജുകൾക്കും അവിടുത്തെ ജീവനക്കാർക്കും മുന്നറിയിപ്പ് നൽകിയിട്ടുണ്ടെന്നു കോസ്റ്റൽ പോലീസ് അറിയിച്ചു.

ഭീകരസംഘടനയായ ഐഎസുമായി ബന്ധമുണ്ടെന്നു സംശയിക്കുന്ന 25 ഇന്ത്യക്കാർ അഫ്ഗാനിലുണ്ടെന്നായിരുന്നു ദേശീയ അന്വേഷണ ഏജൻസിക്കു ലഭിച്ച വിവരം.

കേരളത്തിലും കർണാടകയിലുള്ളവരാണിവർ. താലിബാൻ ഇവരെ തുറന്നുവിട്ടിരുന്നു. പാക്കിസ്ഥാൻ വഴി കടൽമാർഗം സംഘം ഇന്ത്യയിലേക്ക് കടക്കാൻ സാധ്യതയുണ്ടെന്നാണ് വിവിധ കേന്ദ്ര ഏജൻസികളുടെ മുന്നറിയിപ്പ്. ഇന്ത്യയിൽ എത്തിയാൽ ഇവർക്കെതിരേ നിയമനടപടി സ്വീകരിക്കേണ്ടതായുണ്ട്.

അതേസമയം, മനുഷ്യാവകാശലംഘനത്തിൻറെ പേരു പറഞ്ഞ് ഇവരെ സംരക്ഷിക്കാൻ ചിലർ രംഗത്തെത്തുകയും ക്രമസമാധാന പ്രശ്നങ്ങൾക്കു വരെ സാധ്യതയുണ്ടെന്നുമാണ് രഹസ്യാന്വേഷണ വിഭാഗം പറയുന്നത്. ഇത്തരം തീവ്ര ആശയങ്ങളുമായി ഐഎസിൽ പോയവരെ അനുകൂലിക്കുന്ന ഒരു വിഭാഗം കേരളത്തിലുണ്ട്.

ഐഎസ് ബന്ധത്തെ തുടർന്ന് യുഎഇയിൽനിന്ന് നാടുകടത്തിയ കോഴിക്കോട് സ്വദേശിയെയും നിരീക്ഷിക്കുന്നുണ്ട്. അതേസമയം ഈ യുവാവിന് ഇപ്പോൾ ഇത്തരം ആശയങ്ങളുള്ളവരുമായി അടുപ്പമില്ലെന്നാണ് പ്രാഥമിക നിഗമനം.

കോസ്റ്റൽ പോലീസിൻറെ പരിശോധനയിൽ കഴിഞ്ഞ ദിവസങ്ങളിലായി സംശയാസ്പദമായ സാഹചര്യത്തിൽ നാല് ബോട്ടുകൾ പിടികൂടിയിരുന്നു. തമിഴ്നാട്ടിൽ നിന്നുള്ള ബോട്ടുകളാണ് മതിയായ രേഖകളില്ലാതെ കേരള തീരത്ത് എത്തിയത്.

ബോട്ടുകളിൽ വിശദമായി പരിശോധന നടത്തുകയും മത്സ്യതൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തതിനു ശേഷം മറ്റു സംശയങ്ങളില്ലാത്തതിനെത്തുടർന്ന് ഇവരെ പിഴ ഈടാക്കി വിട്ടയയ്ക്കുകയായിരുന്നു.

കോഴിക്കോട് കഴിഞ്ഞ ദിവസം സംശയാസ്പദമായ സാഹചര്യത്തിൽ കണ്ട മൂന്നുപേരെ കോസ്റ്റൽ പോലീസ് പിടികൂടിയിരുന്നു. ഇവരെ ചോദ്യം ചെയ്തതിൽ നിന്ന് ആക്രി സാധനങ്ങൾ വാങ്ങാനായി എത്തിയതാണെന്നു ബോധ്യപ്പെട്ടു. ഇവരുടെ പശ്ചാത്തലവും മറ്റും വിശദമായി പരിശോധിച്ച ശേഷമാണ് വിട്ടയച്ചത്.

തീരദേശത്തെ ജനപ്രതിനിധികൾ, ഫിഷറീസ് , ഹാർബർ എൻജിനീയറിംഗ്, മറൈൻ എൻഫോഴ്സ്, മത്സ്യതൊഴിലാളികൾ, വള്ളം, ബോട്ടുടമകൾ, ലേലം വിളിക്കാനായി ഹാർബറിൽ സ്ഥിരമായി എത്തുന്നവർ എന്നീ തീരദേശമേഖലയുമായി സ്ഥിരമായി ബന്ധപ്പെടുന്നവരെ ഉൾപ്പെടുത്തിയുള്ള ഹാർബർ സമിതി തീരദേശത്തെ സുരക്ഷ സംബന്ധിച്ച് കോസ്റ്റൽ പോലീസിനെ സഹായിക്കുന്നുണ്ട്.

അപരിചിതരായവർ തീരത്ത് എത്തിയാൽ അക്കാര്യം ഹാർബർ സമിതി പരിശോധിച്ചുറപ്പുവരുത്തും. തീരമേഖലയുമായി ബന്ധപ്പെട്ട പല നിർണായക വിവരങ്ങളും കൈമാറുന്നതിൽ ഇത്തരം സമിതികൾ വഹിക്കുന്ന പങ്ക് വലുതാണ്.

## വിഴിഞ്ഞം തുറമുഖത്തിന്റെ നിയന്ത്രണം സ്വതന്ത്ര ചുമതലയുള്ള പോർട്ട് ഓഫീസർക്ക്



വിഴിഞ്ഞം: അന്താരാഷ്ട്ര ക്രൂ ചേഞ്ചിംഗ് സെന്ററായ വിഴിഞ്ഞം തുറമുഖത്തിന്റെ നിയന്ത്രണം ഇനി മുതൽ സ്വതന്ത്ര ചുമതലയുള്ള പോർട്ട് ഓഫീസറുടെ കീഴിലായിരിക്കും.

കൊല്ലം പോർട്ട് ഓഫീസറുടെ മേൽനോട്ടത്തിലായിരുന്ന വിഴിഞ്ഞം തുറമുഖവും കോഴിക്കോടിന്റെ നിയന്ത്രണത്തിലായിരുന്ന അഴീക്കലും സ്വതന്ത്രമായി. വിഴിഞ്ഞത്തിന്റെ ആദ്യ ഓഫീസറായി ക്യാപ്റ്റൻ സിജോ ഗോർജിയോസ് ചുമതലയേറ്റു. വലിയതുറ ഓഫീസ് വിഴിഞ്ഞത്തിന്റെ കീഴിലാകും. സർക്കാരിന് കോടിക്കണക്കിന് രൂപയുടെ വരുമാനം നേടിക്കൊടുത്ത വിഴിഞ്ഞം തുറമുഖത്തിന് ഓഫീസർ ഇല്ലാതെ വന്നത് വികസന പ്രവർത്തനങ്ങളെ ഏറെ ബാധിച്ചിരുന്നു.

സ്വതന്ത്ര തീരുമാനമെടുക്കാൻ കഴിയാത്ത പർസർതസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലായിരുന്നു തുറമുഖത്തിന്റെ പ്രവർത്തനം. സ്വതന്ത്ര പദവി ലഭിച്ചതോടെ വലിയ വികസന പദ്ധതികൾക്ക് വഴി തെളിയുമെന്ന് മാരിടൈം ബോർഡ് ചെയർമാൻ അഡ്വ.വി.ജെ. മാത്യൂ അറിയിച്ചു. നിലവിൽ കൊല്ലം വരെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാർഗോ ഷിപ്പിംഗ് വിഴിഞ്ഞത്തേക്ക് കൂടി നീട്ടും. അടുത്ത വർഷത്തോടെ വിദേശ ആഡംബര കപ്പലുകളെ എത്തിക്കാനും മാലി ,തൂത്തുക്കുടി എന്നിവിടങ്ങളുമായുള്ള ചരക്കു കപ്പൽ സേവനത്തിനുള്ള ശ്രമങ്ങളും നടക്കുന്നതായി ചെയർമാൻ അറിയിച്ചു.

തുറമുഖത്തിനുള്ളിലെ ആഴം കൂട്ടാനുള്ള നടപടി ഉടൻ ആരംഭിക്കും.ഐഎസ്പിഎസ് കോഡ് ലഭിക്കുന്നതോടെ ക്രൂ ചേഞ്ചിംഗിനൊപ്പം അനുബന്ധ സേവനങ്ങളും വിഴിഞ്ഞത്തു നിന്നുണ്ടാകും. ഈ മാസം പകുതിയോടെ ക്രൂചേഞ്ചിംഗ് അഞ്ഞൂറും കടക്കുമെന്നാണ് അധികൃതരുടെ വിലയിരുത്തൽ.

## സെപ്തംബർ 18 ന് മത്സ്യതൊഴിലാളികൾ പ്രതിഷേധ ശൃംഖല തീർക്കും

തിരുവനന്തപുരം : കേന്ദ്ര ബിജെപി സർക്കാർ കൊണ്ടുവരുന്ന മറൈൻ ഫിഷറീസ് ബിൽ, ബ്ലൂ ഇക്കോണമി എന്നിവയിൽ അടങ്ങിയിരിക്കുന്ന മത്സ്യതൊഴിലാളി ദ്രോഹ നയങ്ങൾക്കെതിരെ കേരള സംസ്ഥാന മത്സ്യ തൊഴിലാളി ഫെഡറേഷൻ(സിഐടിയു) നേതൃത്വത്തിൽ 2021 സെപ്തംബർ 18 ന് വൈകുന്നേരം 5 മണിക്ക് കേരളത്തിന്റെ വടക്കേ അറ്റമായ കാസർഗോഡ് മുതൽ തെക്ക് അതിർത്തിയായ പൊഴിയൂർ വരെയുള്ള തീരപ്രദേശത്ത് കോവിഡ് പ്രോട്ടോകോൾ പാലിച്ച് നൂറ് മീറ്ററിൽ 10 പേർ വീതം അണിനിരന്നുള്ള പ്രതിഷേധ ശൃംഖല സംഘടിപ്പിക്കുമെന്ന് കേരളസംസ്ഥാന മത്സ്യതൊഴിലാളി ഫെഡറേഷൻ(സിഐടിയു) സംസ്ഥാന ജനറൽ സെക്രട്ടറി പി.പി. ചിത്തരഞ്ജൻ എം.എൽ.എ. പ്രസ്താവിച്ചു.

അറബിക്കടലിനെ കോർപറേറ്റുകൾക്ക് തീറെഴുതുന്നതും പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ താല്പര്യങ്ങൾ ഹനിക്കുന്നതുമായ കേന്ദ്ര നയങ്ങൾക്കെതിരെ ഇന്ന് തിരുവന്തപുരത്ത് ഏജീസ് ഓഫീസിന് മുന്നിൽ നടന്ന സമരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ചിത്തരഞ്ജൻ.

സംസ്ഥാനത്ത് ഇന്ന് 80 കേന്ദ്ര ഗവൺമെന്റ് ഓഫീസുകൾക്ക് മുന്നിലാണ് സിഐടിയു മത്സ്യതൊഴിലാളി ഫെഡറേഷൻ നേതൃത്വത്തിൽ സമരം നടന്നത്. ഏജീസ് ഓഫീസിന് മുന്നിൽ നടന്ന പരിപാടിയിൽ പുല്ലുവിള സ്റ്റാൻലി അദ്ധ്യക്ഷത വഹിച്ചു. മത്സ്യഫെഡ് ചെയർമാൻ ടി. മനോഹരൻ, ജില്ലാ സെക്രട്ടറി എഫ്.കെന്നഡി, ആന്റോ സുരേഷ്, ക്ലൈനസ് റൊസാരിയോ, ബാബു ജെയിംസ് എന്നിവർ സംസാരിച്ചു.

## കോൺഗ്രസിലെ തർക്കം പരിഹരിക്കാൻ ഹൈക്കമാൻഡ്;താരിഖ് അൻവർ കേരളത്തിലേക്ക്

ന്യൂഡൽഹി: കേരളത്തിലെ കോൺഗ്രസിലെ തർക്കം പരിഹരിക്കാൻ ഹൈക്കമാൻഡ് ഇടപെടുന്നു. ഇതിൻറെ ഭാഗമായി എഐസിസി ജനറൽ സെക്രട്ടറി താരിഖ് അൻവർ അടുത്തയാഴ്ച കേരളത്തിലെത്തും. കെപിസിസി പുനസംഘടന മുഖ്യ അജണ്ടയാകും.

കേരളത്തിൽ കോൺഗ്രസിൽ ഡിസിസി പുനസംഘടനയുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉടലെടുത്തതിനിടയാണ് ഹൈക്കമാൻഡ് ഇടപെടൽ.

## കോവിഡ്: ജാഗ്രത തുടരണം; സമ്പൂർണ ലോക്ഡൗൺ ഇനി പ്രായോഗികമല്ലെന്ന് മുഖ്യമന്ത്രി



തിരുവനന്തപുരം: സംസ്ഥാനത്ത് സമ്പൂർണ ലോക്ഡൗൺ ഇനി പ്രായോഗികമല്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിദഗ്ധർ ലോക്ഡൗണിനെ അഗീകരിക്കുന്നില്ല. കോവിഡ് വ്യാപനം രണ്ടാഴ്ച കൊണ്ട് നിയന്ത്രിക്കാനാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് കോവിഡ് രോഗികളുടെ എണ്ണം ഉയർന്നു തന്നെ നിൽക്കുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിലാണ് ഇക്കാര്യം പറഞ്ഞത്.

കോവിഡ് വ്യാപനത്തിൽ ജാഗ്രത തുടരണം. അല്ലെങ്കിൽ കോവിഡ് വ്യാപനം രൂക്ഷമാകും. കേരളത്തിൽ 54 ശതമാനം പേർക്ക് ഇനിയും രോഗം വരാൻ സാധ്യതയുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

എല്ലാ ഘട്ടത്തിലും രോഗികൾക്ക് അടിയന്തര സംവിധാനമൊരുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു. പുതിയ വകഭേദം വലിയ വ്യാപനത്തിന് കാരണമായേക്കും. ജീവിതശൈലി രോഗമുള്ളവരിൽ അപകട സാധ്യത കൂടുതലാണെന്നും മുഖ്യമന്ത്രി പറഞ്ഞു. തദ്ദേശ സ്ഥാപനങ്ങളിലെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളാണ് യോഗത്തിൽ പ്രധാനമായും ചർച്ചയാകുന്നത്. സംസ്ഥാനത്തെ കോവിഡ് സാഹചര്യവും ആരോഗ്യമന്ത്രി വിശദീകരിക്കും.

## നോക്കുകൂലി സമ്പ്രദായം തുടച്ചു നീക്കണമെന്ന് ഹൈക്കോടതി

കൊച്ചി: തൊഴിലാളി യൂണിയനുകളുടെ നോക്കുകൂലി സമ്പ്രദായത്തിനെതിരേ ഹൈക്കോടതിയുടെ രൂക്ഷ വിമർശനം. നോക്കുകൂലി സംസ്ഥാനത്ത് നിന്നും തുടച്ചുനീക്കണമെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ജസ്റ്റീസ് ദേവൻ രാമചന്ദ്രനാണാണ് സുപ്രധാന പരാമർശം നടത്തിയത്.

നോക്കുകൂലി സംസ്ഥാനത്തിൻറെ പ്രതിച്ഛായ തകർക്കുകയാണ്. കേരളത്തെക്കുറിച്ച് തെറ്റായ ധാരണങ്ങൾ ഇതുവഴിയുണ്ടാകും. അതിനാൽ ഇത് അവസാനിപ്പിക്കണം. കേരളത്തിൽ നോക്കുകൂലിക്കെതിരേയുള്ള ഹർജികൾ കൂടി വരികയാണെന്നും കോടതി നിരീക്ഷിച്ചു.

നോക്കുകൂലിയുമായി ബന്ധപ്പെട്ട് കോടതിക്ക് മുൻപിലെത്തിയ ഹർജി പരിഗണിക്കുമ്പോഴായിരുന്നു പരാമർശം. അതേസമയം തൊഴിലാളികളുടെ അവകാശങ്ങളും നിയമപരമായ മാർഗത്തിലൂടെ സംരക്ഷിക്കപ്പെടണമെന്നും കോടതി ഓർമിപ്പിച്ചു.

## കോവിഡ് സാഹചര്യം ഭീതിജനകം; പ്ലസ് വൺ പരീക്ഷ സുപ്രീം കോടതി സ്റ്റേ ചെയ്തു

ന്യൂഡൽഹി: തിങ്കളാഴ്ച നടക്കാനിരിക്കുന്ന പ്ലസ് വൺ പരീക്ഷ സുപ്രീം കോടതി സ്റ്റേ ചെയ്തു. ഒരാഴ്ചത്തേക്കാണ് പരീക്ഷാ നടത്തിപ്പിനുള്ള സ്റ്റേ.

കേരളത്തിലെ കോവിഡ് സാഹചര്യം ഭീതിജനകമെന്ന് വിലയിരുത്തിയാണ് കോടതിയുടെ ഉത്തരവ്. ഒരാഴ്ചക്കുള്ളിൽ പരീക്ഷ നടത്തിപ്പ് സംബന്ധിച്ച പുതിയ നിർദേശങ്ങൾ നൽകാമെന്ന് സർക്കാർ കോടതിയെ അറിയിച്ചു.

അഭിഭാഷകനും കോൺഗ്രസ് നേതാവുമായ റസൂൽ ഷാൻ നൽകിയ ഹർജിയിലാണ് പരീക്ഷ സ്റ്റേ ചെയ്യാൻ കോടതി ഉത്തരവിട്ടത്. ജസ്റ്റീസ് എ.എം. ഖാൻവിൽക്കർ അധ്യക്ഷനായ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. കോവിഡ് സാഹചര്യം പരിഗണിച്ചല്ല സർക്കാർ പരീക്ഷ നടത്താൻ തീരുമാനിച്ചത്. നിലവിലെ സാഹചര്യങ്ങൾ സർക്കാർ വിലയിരുത്തിയില്ലെന്നും കോടതി വിമർശിച്ചു.

എന്നാൽ പ്ലസ്ടു, എസ്എസ്എൽസി പരീക്ഷകൾ വിജയകരമായി നടത്തിയത് സർക്കാർ ചൂണ്ടിക്കാട്ടിയപ്പോൾ ഏപ്രിൽ മാസത്തിലെ സാഹചര്യമാണോ ഇപ്പോഴുള്ളതെന്ന് കോടതി ചോദിച്ചു. കേസ് വീണ്ടും 13 ന് പരിഗണിക്കും.

രാഷ്ട്രീയ നേട്ടത്തിനായി സംസ്ഥാന സർക്കാർ ഓഫ്ലൈൻ പരീക്ഷ നടത്തുമെന്നും അതിനാൽ കോടതി ഇടപെടണമെന്നുമായിരുന്നു ഹർജിക്കാരൻറെ ആവശ്യം. രാജ്യത്തെ മൊത്തം കോവിഡ് കേസുകളിൽ അമ്പത് ശതമാനത്തിൽ അധികം കേരളത്തിലാണ്.

പ്ലസ് വൺ പരീക്ഷ എഴുതുന്ന വിദ്യാർഥികൾ വാക്സിൻ സ്വീകരിച്ചവരല്ല. മോഡൽ പരീക്ഷ ഓൺലൈൻ ആയാണ് നടത്തിയത്. ഇനി രണ്ടാമത് ഒരു പരീക്ഷ ആവശ്യമില്ലെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു.

നേരത്തെ ഒരുപറ്റം വിദ്യാർഥികൾ ഇതേ ആവശ്യവുമായി ഹൈക്കോടതിയെ സമീപിച്ചിരുന്നെങ്കിലും ഹർജി തള്ളിയിരുന്നു.

## 18 വയസിന് മുകളിലുള്ള 75 ശതമാനത്തിനും കേരളം ആദ്യ ഡോസ് വാക്സിൻ നൽകി

18 വയസിന് മുകളിലുള്ള 75 ശതമാനത്തിലധികം പേർക്ക് (2,15,27,035) ആദ്യ ഡോസ് വാക്സിൻ നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. ഈ വിഭാഗത്തിൽ 27.74 ശതമാനം പേർക്ക് (79,60,935) രണ്ടാം ഡോസും നൽകിയിട്ടുണ്ട്. 2021ലെ എസ്റ്റിമേറ്റ് ജനസംഖ്യ പ്രകാരം ഇത് യഥാക്രമം 60.81 ശതമാനവും 22.49 ശതമാനവുമാണ്. ഇതോടെ ഒന്നും രണ്ടും ഡോസ് ഉൾപ്പെടെ ആകെ 2,94,87,970 പേർക്കാണ് വാക്സിൻ നൽകിയത്. വാക്സിനേഷൻ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനം നടത്തിയ ഊർജിത ശ്രമങ്ങളാണ് ഇത്ര വേഗം ലക്ഷ്യം കൈവരിക്കാൻ സഹായിച്ചത്. ആഗസ്റ്റ് മാസത്തിൽ മാത്രം 88 ലക്ഷത്തിലധികം ഡോസ് വാക്സിൻ നൽകാനായെന്നും മന്ത്രി വ്യക്തമാക്കി.

ഈ മാസത്തിൽ തന്നെ 18 വയസിന് മുകളിലുള്ള മുഴുവൻ പേർക്കും ആദ്യ ഡോസ് വാക്സിൻ നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന് കൂടുതൽ വാക്സിൻ ആവശ്യമാണ്. സംസ്ഥാനം വീണ്ടും വാക്സിൻ ക്ഷാമം നേരിടുകയാണ്. മിക്കവാറും ജില്ലകളിൽ വാക്സിൻ ക്ഷാമമുണ്ട്. വാക്സിനേഷൻ സുഗമമായി നടത്താൻ കേന്ദ്രത്തോട് കൂടുതൽ വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്ത് കോവിഡ് വ്യാപനം വർധിക്കുന്നതിനാൽ പരമാവധി പേർക്ക് വാക്സിൻ നൽകി സുരക്ഷിതമാക്കാനാണ് ശ്രമിക്കുന്നത്. 2021 ജനുവരി 16നാണ് കോവിഡ് വാക്സിനേഷൻ ആരംഭിച്ചത്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മാത്രം 1.95 കോടിയിലധികം ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. വാക്സിനേഷൻ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് അനുബന്ധ ക്യാമ്പയിനുകളും സംഘടിപ്പിച്ചാണ് മുന്നോട്ട് പോകുന്നത്. രാജ്യത്ത് ആദ്യമായി കിടപ്പ് രോഗികൾക്ക് വീട്ടിൽ പോയി വാക്സിൻ നൽകി. 60 വയസിന് മുകളിലുള്ളവർക്കും കിടപ്പ് രോഗികൾക്കും മുഴുവൻ ആദ്യ ഡോസ് വാക്സിൻ നൽകുന്നതിനായി പ്രത്യേക യജ്ഞം ആവിഷ്ക്കരിച്ച് നടപ്പിലാക്കി. വാക്സിൻ സമത്വത്തിനായി വേവ് (ണഅഢ: ണീൃസ അഹീിഴ ളീൃ ഢമരരശില ഋൂൗശ്യേ) ക്യാമ്പയിൻ, ഗർഭിണികളുടെ വാക്സിനേഷനായി മാതൃകവചം തുടങ്ങിയ പ്രത്യേക പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി.

ആരോഗ്യ പ്രവർത്തകർക്കും കോവിഡ് മുന്നണി പോരാളികൾക്കും 100 ശതമാനം ആദ്യ ഡോസും 86 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. 45 വയസിന് മുകളിലുള്ള 92 ശതമാനം പേർക്ക് ഒന്നാം ഡോസും 47 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. 18 വയസിനും 44 വയസിനും ഇടയിലുള്ള 54 ശതമാനം പേർക്ക് ഒന്നാം ഡോസ് നൽകിയിട്ടുണ്ട്.



ഡി.ജി.പി അനിൽ കാന്ത് സിറ്റി പൊലീസ് കമ്മീഷണറുടെ ആസ്ഥാനത്ത് നടത്തിയ പരാതി പരിഹാര അദാലത്തിൽ നിന്ന്

# മ്യൂസിയം കൺസർവേഷൻ ലബോറട്ടറി ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: നാടിന്റെ കലാ സാംസ്കാരിക പൈതൃക സംരക്ഷണം ലക്ഷ്യമിട്ട് ആരംഭിച്ച മ്യൂസിയം കൺസർവേഷൻ ലബോറട്ടറിയും രവിവർമ ചിത്രങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങളും മ്യൂസിയം വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്തു.

വർഷാവസാനത്തോടെ പൂർത്തിയാക്കുന്ന ആർട്ട് ഗ്യാലറിയിൽ പ്രദർശിപ്പിക്കാനാവശ്യമായ രാജാരവിവർമ ചിത്രങ്ങളും സ്കെച്ചുകളും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

ചിത്രങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകിയുള്ള രാസസംരക്ഷണ പ്രവർത്തനങ്ങൾ മ്യൂസിയം കൺസർവേഷൻ ലബോറട്ടറി നിർവഹിക്കും. അത്യാധുനിക സജ്ജീകരണങ്ങളുള്ള ഇന്ത്യയിലെ മൂന്നാമത്തെ ലബോറട്ടറിയാണ് തലസ്ഥാനത്തുള്ളത്. ഒരു കോടി നാൽപ്പത്തിയൊന്ന് ലക്ഷം രൂപയാണ് ഇതിനായി സർക്കാർ ചെലവഴിച്ചത്. ആർട്ട് ഗ്യാലറിയിലെ മറ്റു ചിത്രങ്ങളും പുറത്തുള്ള വ്യക്തികളുടെ ചിത്രങ്ങളും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം കൺസർവേഷൻ ലബോറട്ടറി നടത്തുമെന്ന് മന്ത്രി പറഞ്ഞു.

മ്യൂസിയം വകുപ്പിന്റെ പക്കലുള്ള 1,100 ലധികം അമൂല്യ ചിത്രങ്ങളുടെ സംരക്ഷണത്തിന് ലബോറട്ടറി സഹായകരമാകും. ഫോട്ടോ ഡോക്യുമെന്റേഷൻ റൂം, സക്ഷൻ ടേബിൾ, വിവിധ തരം ക്യാമറകൾ തുടങ്ങിയ ആധുനിക സംവിധാനങ്ങളെല്ലാം ഇവിടെയുണ്ട്. വി കെ പ്രശാന്ത് എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

പുരാവസ്തു പുരാരേഖ മ്യൂസിയം അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വി വേണു ആമുഖ പ്രഭാഷണം നടത്തി.

ജനപ്രതിനിധികൾ, മ്യൂസിയം അധികൃതർ, വിദഗ്ധ സമിതി അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.

# മൂന്നാം തരംഗത്തിന്റെ ആഘാതമേറുമെന്ന് വിദഗ്ധർ

ന്യൂഡൽഹി: കോവിഡിന്റെ മൂന്നാം തരംഗ മുന്നറിയിപ്പ് നിലനിൽക്കുമ്പോഴും ഉത്തർപ്രദേശ്, തമിഴ്നാട്, പഞ്ചാബ്, ഝാർഖണ്ഡ്, ബിഹാർ, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളിൽ വാക്സിനേഷന്റെ തോത് വളരെ കുറവാണെന്ന് റിപ്പോർട്ട്.

60 വയസിനു മുകളിലുള്ളവരുടെ ജനസംഖ്യ കൂടുതലുള്ള ഈ സംസ്ഥാനങ്ങളിലെ വാക്സിനേഷന്റെ മെല്ലെപ്പോക്ക് മനുഷ്യരാശിയെ വലിയ ദുരന്തത്തിലേക്ക് എത്തിക്കുമെന്ന് ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന ഒബ്സർവർ റിസർച്ച് ഫൗണ്ടേഷനിലെ (ഒആർഎഫ്) ഉമ്മൻ സി കുര്യൻ പറയുന്നു. അറുപതിനും അതിനു മുകളിലും പ്രായമുള്ളവരുടെ വാക്സിനേഷന്റെ ദേശീയ ശരാശരി 1000ത്തിൽ 947.13 ആണ്. എന്നാൽ യുപിയിലും തമിഴ്നാട്ടിലും ഇത് 651.12 ആണെന്ന് ഓഗസ്റ്റ് 27 വരെ ലഭ്യമായുള്ള വാക്സിനേഷൻ രേഖകളെ ഉദ്ധരിച്ച് ഒആർഎഫ് ചൂണ്ടിക്കാട്ടുന്നു. പശ്ചിമ ബംഗാളിൽ 853.45 ഉം മറ്റ് മൂന്ന് സംസ്ഥാനങ്ങളിൽ 523.05ഉം ആണ് നിരക്ക്.

അതേസമയം ഈ പ്രായപരിധിയിലുള്ളവരുടെ ജനസംഖ്യ 1.45 കോടിയുള്ള മഹാരാഷ്ട്ര 1000ത്തിൽ 951.12 പേർക്ക് വാക്സിൻ നൽകിയിട്ടുണ്ട്. ഇത് ദേശീയ ശരാശരിയേക്കാളും കൂടുതലാണെന്നതും ശ്രദ്ധേയമാണ്. രോഗം ബാധിച്ചോ വാക്സിനെടുത്തോ ആന്റിബോഡികൾ രൂപപ്പെട്ടവരുടെ എണ്ണം കുറവുള്ള സംസ്ഥാനങ്ങളിൽ അടുത്ത തരംഗം ഗുരുതരമായി ബാധിക്കാനുള്ള സാധ്യതയാണ് കാണുന്നതെന്ന് ഒആർഎഫ് മുന്നറിയിപ്പ് നൽകുന്നു. അതുകൊണ്ടു തന്നെ വാക്സിനേഷനിൽ ഈ സംസ്ഥാനങ്ങളുടെ മെല്ലെപ്പോക്ക് വലിയ ആശങ്ക ഉയർത്തുന്നതായും ഉമ്മൻ സി കുര്യൻ പറഞ്ഞു. പ്രായമായവരുടെ വാക്സിനേഷൻ ത്വരിതപ്പെടുത്തിയില്ലെങ്കിൽ അടുത്ത തരംഗത്തിന്റെ ആഘാതം ഏറ്റവുമധികം ഏറ്റുവാങ്ങുക ഈ വിഭാഗമായിരിക്കുമെന്നും വിദഗ്ധർ പറയുന്നു.

## 61.6 ശതമാനം

ഒആർഎഫിന്റെ കണക്കുകൾ പ്രകാരം രാജ്യത്ത് 60 വയസിന് മുകളിലുള്ള 61.6 ശതമാനം മാത്രമാണ് ഒരു ഡോസ് വാക്സിനെങ്കിലും സ്വീകരിച്ചിരിക്കുന്നത്. അതേസമയം രണ്ട് ഡോസും സ്വീകരിച്ചവരുടെ കണക്ക് 31.4 ശതമാനം മാത്രമാണ്. അതേസമയം ചെറിയ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളുമായ സിക്കിം, മിസോറം, ലക്ഷദ്വീപ്, ചണ്ഡിഗഢ്, ആൻഡമാൻ നിക്കോബാർ തുടങ്ങിയവ വാക്സിനേഷനിൽ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

ഓഗസ്റ്റിൽ ഡൽഹി, കർണാടക, തമിഴ്നാട്, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ കോവിഡ് കേസുകളിൽ 81 ശതമാനം ഇടിവുണ്ടായി. ഇതേ കാലയളവിൽ കേരളത്തിലെ രോഗവ്യാപനം 68 ശതമാനം ഉയരുകയും ചെയ്തു.

# മാനസികാരോഗ്യ കേന്ദ്രങ്ങളിലെ സ്ത്രീകൾ നേരിടുന്ന ദുരിതങ്ങളിൽ ആശങ്കയറിയിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: രാജ്യത്തെ വിവിധ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിയുന്ന സ്ത്രീകൾ നേരിടുന്ന അപമാനങ്ങളിലും മനുഷ്യാവകാശ ലംഘനങ്ങളിലും ആശങ്ക പ്രകടിപ്പിച്ച് സുപ്രീം കോടതി. ജസ്റ്റിസുമാരായ ഡിവൈ ചന്ദ്രചൂഡ്, വിക്രം നാഥ്, ഹിമ കോലി എന്നിവരടങ്ങിയ ബെഞ്ചാണ് മാനസികാരോഗ്യ കേന്ദ്രങ്ങളിലെ സ്ത്രീകളുടെ ഗുരുതരമായ അവസ്ഥ ചൂണ്ടിക്കാട്ടിയത്. അഭിഭാഷകൻ ഗൗരവ് ബൻസാൽ സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

ഉത്തർപ്രദേശ് ഉൾപ്പെടെ രാജ്യത്തെ ഭൂരിഭാഗം സംസ്ഥാനങ്ങളിലും മാനസികാരോഗ്യ കേന്ദ്രങ്ങളിലെ അന്തേവാസികൾ നേരിടുന്നത് കടുത്ത പീഡനങ്ങളാണെന്ന് ദി വയർ പുറത്തുവിട്ട റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. സ്ത്രീകളെ നിർബന്ധിച്ച് തലമുണ്ഡനം ചെയ്യിപ്പിക്കുന്നതുൾപ്പെടെയുള്ള അതിക്രമങ്ങൾ ഇവിടങ്ങളിലെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നടക്കുന്നുണ്ട്. മാതാവായ അന്തേവാസികൾക്ക് അവരുടെ കുഞ്ഞുങ്ങളുമായി അടുത്തിടപഴകുന്നതിനുള്ള അവസരങ്ങളും ലഭിക്കുന്നില്ല.

നിരവധി മാനസികാരോഗ്യ കേന്ദ്രങ്ങളിലും അന്തേവാസികൾ തിങ്ങിപ്പാർക്കുന്ന അവസ്ഥയാണുള്ളത്. ഇവർക്കായി പ്രത്യേക മുറികളോ മറ്റ് സംവിധാനങ്ങളോ ഒരുക്കാൻ പോലും അധികൃതർ തയ്യാറായിട്ടില്ല.മാനസികാരോഗ്യ കേന്ദ്രങ്ങളിലെ സ്ത്രീകളെ കൃത്യമായി പരിചരിക്കുന്നില്ല. ഇവരുടെ വ്യക്തിശുചിത്വം സൂക്ഷിക്കാനോ സാനിറ്ററി നാപ്കിൻ പോലുള്ള മറ്റ് ആവശ്യ സാധനങ്ങളോ നൽകുന്നില്ലെന്നും അഭിഭാഷകൻ നൽകിയ പരാതിയിൽ ചൂണ്ടിക്കാട്ടി.

ആധാർ കാർഡ് പോലുള്ള തിരിച്ചറിയൽ കാർഡുകൾ നൽകാനുള്ള സംവിധാനവും മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലില്ലെന്നും ഹർജിയിൽ പറയുന്നു. സംസ്ഥാന സർക്കാരുകൾ സാമൂഹിക പരിപാലന മാതൃക സ്വീകരിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം വ്യക്തമാക്കി.

2016ൽ നിംഹാൻസും 2020ൽ ദേശീയ വനിത കമ്മിഷനും (എൻസിഡബ്ല്യു) നടത്തിയ ചില ഗവേഷണ പഠനങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു കോടതിയുടെ നിരീക്ഷണം.

സംഭവവുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളുമായി പരാതികൾ ചർച്ച ചെയ്യാൻ കേന്ദ്ര സാമൂഹിക നീതി, ശാക്തീകരണ മന്ത്രാലയത്തിന് ബെഞ്ച് നിർദ്ദേശം നൽകി. അടുത്ത വിചാരണ തീയതിക്ക് ഒരാഴ്ച മുമ്പ് ഒരു തൽസ്ഥിതി റിപ്പോർട്ട് സമർപ്പിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

# ബയോളജിക്കൽ ഇ വാക്സിൻ പരീക്ഷണങ്ങൾക്ക് അനുമതി

ന്യൂഡൽഹി: അഞ്ചു മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കുള്ള കോവിഡ് 19 വാക്സിൻ ക്ലിനിക്കൽ പരീക്ഷണങ്ങൾ പൂർത്തിയാക്കാൻ ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യ (ഡിസിജിഐ) അനുമതി നൽകി.

ഹൈദരാബാദ് ആസ്ഥാനമായുള്ള ബയോളജിക്കൽ ഇ ലിമിറ്റഡിന്റെ കോർബെവാക്സിന് അംഗീകൃത പ്രോട്ടോക്കോൾ അനുസരിച്ച് രണ്ട്, മൂന്ന് ഘട്ട ക്ലിനിക്കൽ പരീക്ഷണങ്ങൾ നടത്താമെന്ന് ഡിജിസിഐയുടെ റിപ്പോർട്ടിൽ വ്യക്തമാക്കി.

കോവിഡ് 19 വിദഗ്ദ്ധ സമിതിയുടെ (എസ്ഇസി) ശുപാർശകളുടെ അടിസ്ഥാനത്തിലാണ് ഡിസിജിഐ അനുമതി നൽകിയത്. രാജ്യത്ത് 10 ഇടങ്ങളിലായിട്ടായിരിക്കും പരീക്ഷണം.

നേരത്തെ ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സൈഡസ് കാഡിലയുടെ സൂചി രഹിത കോവിഡ് 19 വാക്സിൻ ദ്യജീഢഉ ന് അടിയന്തിര ഉപയോഗത്തിന് അംഗീകാരം ലഭിച്ചിരുന്നു. ഇത് രാജ്യത്തെ 1218 വയസ്സിനിടയിലുള്ളവർക്കുള്ള ആദ്യ വാക്സിൻ ആണ്. അതേസമയം രണ്ടു മുതൽ 18 വയസ്സുവരെയുള്ളവർക്കായുള്ള ഭാരത് ബയോടെക്കിന്റെ കോവാക്സിന്റെ ക്ലിനിക്കൽ പരീക്ഷണങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. കോർബെവാക്സ് നിലവിൽ മുതിർന്നവരിൽ രണ്ട്, മൂന്ന് ഘട്ട ക്ലിനിക്കൽ പരീക്ഷണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

ഡിസംബറോടെ ബയോളജിക്കൽ ഇ 30 കോടി ഡോസ് കോർബെവാക്സ് കേന്ദ്ര സർക്കാരിന് നൽകുമെന്നാണ് അറിയിച്ചിരിക്കുന്നത്.

# ഡൽഹി കലാപം: നാല് എഫ്ഐആറുകൾ റദ്ദാക്കി

ന്യൂഡൽഹി: ഒരേ സംഭവത്തിൽ ഒരാൾക്കെതിരെ ഒന്നിലധികം എഫ്ഐആറുകൾ സമർപ്പിക്കാൻ പാടില്ലെന്ന് ഡൽഹി ഹൈക്കോടതി. വടക്ക് കിഴക്കൻ ഡൽഹി കലാപവുമായി ബന്ധപ്പെട്ട് അതിർ എന്നയാൾ സമർപ്പിച്ച ഹർജിയിലാണ് നടപടി. സുപ്രിംകോടതി നിർദേശിച്ച നിയമങ്ങൾക്ക് വിരുദ്ധമായതിനാൽ ഒരേ സംഭവത്തിന് അഞ്ച് വ്യത്യസ്ത എഫ്ഐആറുകൾ രജിസ്റ്റർ ചെയ്യാൻ കഴിയില്ലെന്ന് ഹൈക്കോടതി പറഞ്ഞു. ഒരു എഫ്ഐആർ നിലനിർത്തിക്കൊണ്ട് കഴിഞ്ഞ വർഷം മാർച്ചിൽ ജാഫറാബാദ് പൊലിസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത മറ്റ് നാല് കേസുകൾ കോടതി റദ്ദാക്കി. ഫെബ്രുവരി 24നുണ്ടായ കലാപത്തിൽ വടക്ക് കിഴക്കൻ ഡൽഹിയിലെ ഒരു വീടിന് തീയിട്ടുവെന്നാരോപിച്ചാണ് അതിറിനെതിരെ ഡൽഹി പൊലീസ് എഫ്ഐആർ ചുമത്തിയിരുന്നത്. ഏഴ് മുതൽ 10 ലക്ഷം രൂപ വരെ വിലയുള്ള പൊതുമുതൽ നശിപ്പിച്ചതായും എഫ്ആറുകളിൽ പറയുന്നു. ഒരേ കുടുംബത്തിലെ അഞ്ച് അംഗങ്ങളുടെ പരാതികളിലാണ് അതിറിനെതിരെ എഫ്ഐആറുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്. അതേസമയം എല്ലാം ഒരേ സംഭവവുമായി ബന്ധപ്പെട്ടുള്ളതായതിനാൽ ഇത് നിലനിൽക്കില്ലെന്നും കോടതി ഉത്തരവിൽ ചൂണ്ടിക്കാട്ടി. മുമ്പും ഡൽഹി കലാപക്കേസുകളുമായി ബന്ധപ്പെട്ട് ഡൽഹി പൊലീസിന് കോടതികളിൽ നിന്നും രൂക്ഷവിമർശനം നേരിടേണ്ടിവന്നിട്ടുണ്ട്.

# മുൻഗണനാ റേഷൻ കാർഡ്: ഒരു ലക്ഷത്തിലധികം പേർക്ക് പിങ്ക് കാർഡ് നൽകും

മുൻഗണനാ റേഷൻ കാർഡിനുള്ള അപേക്ഷകൾ പരിഗണിച്ച് ഒരു ലക്ഷത്തിലധികം പേർക്ക് നവംബർ ഒന്നിന് മുമ്പ് പിങ്ക് കാർഡ് നൽകുമെന്ന് ഭക്ഷ്യമന്ത്രി ജി.ആർ.അനിൽ പറഞ്ഞു. പ്രതിമാസ ഫോൺഇൻ പരിപാടിയിലെ പരാതികൾ പരിശോധിച്ച ശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

മുൻഗണനാ കാർഡ് ലഭ്യമാക്കണമെന്ന നിരവധി അപേക്ഷകൾ ഇപ്പോഴും വരുന്നുണ്ട്. ഗുരുതര രോഗം ബാധിച്ചവർക്ക് ചികിത്സാനുകൂല്യം ലഭ്യമാക്കുന്നതിനുൾപ്പെടെ സഹായകരമാകുന്നതിന് 11230 പേർക്ക് എ. എ. വൈ കാർഡുകൾ നൽകിയതായി മന്ത്രി അറിയിച്ചു. ഭിന്നശേഷിക്കാരായ കുട്ടികളെ ചികിത്സയ്ക്കായി കൊണ്ടുപോകുന്നതിന് നാലുചക്ര വാഹനം സ്വന്തമായുള്ളതിന്റെ പേരിൽ മുൻഗണനാ റേഷൻ കാർഡുകൾ നിഷേധിക്കില്ല. ഇത്തരക്കാർക്ക് മുൻഗണനാ കാർഡ് നൽകുമെന്ന് മന്ത്രി പറഞ്ഞു. ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചിരുന്നു. മുൻഗണനാ റേഷൻ കാർഡുകൾ കൈവശം ഉണ്ടായിരുന്നതിന്റെ പേരിൽ പിഴ ഈടാക്കാനുള്ള നടപടികൾ നിർത്തി വയ്ക്കാനും തീരുമാനിച്ചു. മുൻഗണനാ റേഷൻ കാർഡുകൾ അനധികൃതമായി കൈവശം വച്ചിട്ടുള്ളവർ അത് സറണ്ടർ ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് നടപടി.

ഫോൺ ഇൻ പരിപാടിയിലൂടെ ജനങ്ങളിൽ അവബോധം വർധിച്ചിട്ടുണ്ടെന്നും അനർഹമായി കാർഡ് കൈവശം വച്ചിരിക്കുന്നവരെയും ഉപയോഗിക്കുന്നവരെയും കുറിച്ച് പരാതി ലഭിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. ജനങ്ങൾക്ക് 9495998223 എന്ന നമ്പറിൽ പരാതികൾ അറിയിക്കാം. പരാതിക്കാരുടെ പേരും മറ്റു വിവരങ്ങളും രഹസ്യമായിരിക്കുമെന്ന് മന്ത്രി ഉറപ്പ് നൽകി. താലൂക്ക് സപ്ളൈ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിലും പരാതികളിലും രേഖാമൂലം മറുപടി നൽകാൻ നടപടി സ്വീകരിക്കും. റേഷനിംഗ് ഇൻസ്പെക്ടർമാർ കടകളിൽ പരിശോധന നടത്തുന്നതിന് സെപ്റ്റംബർ 15 മുതൽ പുതുക്കിയ പരിശോധനാക്രമം നിലവിൽ വരും. വയനാട്, കാസർകോട്, കണ്ണൂർ ജില്ലകളിൽ റേഷൻ കടകളിൽ വെള്ള അരിക്ക് പകരം കുത്തരി ലഭ്യമാക്കണമെന്ന് കഴിഞ്ഞ മാസം ഫോൺ ഇൻ പരിപാടിയിൽ പരാതി ലഭിച്ചിരുന്നു. ഇത് പരിഗണിച്ച് ഇവിടങ്ങളിൽ കുത്തരി ലഭ്യമാക്കിയതായി മന്ത്രി അറിയിച്ചു. ഇതിൽ മന്ത്രിയെ അഭിനന്ദിച്ച് ജനങ്ങൾ അയച്ച നിരവധി കത്തുകളും ലഭിച്ചു.

## സപ്ലിമെന്ററി പരീക്ഷ

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് 201718 നടത്തിയ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ യോഗ & നാച്ച്യുറോപ്പതി കോഴ്സിന്റെ സപ്ലിമെന്ററി പരീക്ഷ ഒക്ടോബറിൽ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ നടക്കും. ഒരു വിഷയത്തിന് 110 രൂപയാണ് പരീക്ഷാ ഫീസ്. ഫൈനില്ലാതെ ഫീസടയ്ക്കാവുന്ന അവസാന തീയതി സെപ്റ്റംബർ 10. 25 രൂപ ഫൈനോടെ 15 വരെ ഫീസ് അടയ്ക്കാം. മൂന്ന് പേജുള്ള അപേക്ഷാ ഫോം www.ayurv-e-d-a.k-er-a-l-a.gov.in ൽ നിന്ന് ഡൗൺലോഡ് ചെയ്യാം. അപേക്ഷാ ഫീസ് 02100310198 Ex-am f-e-e-s an-d o-th-er f-e-e-s എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ കേരളത്തിലെ ഏതെങ്കിലും സർക്കാർ ട്രഷറിയിൽ അടയ്ക്കാം. പൂരിപ്പിച്ച അപേക്ഷകൾ തിരുവനന്തപുരം ആയുർവേദ കോളേജ് പ്രിൻസിപ്പാളിന് 15ന് വൈകിട്ട് അഞ്ച് മണിവരെ സമർപ്പിക്കാം. പരീക്ഷാ ടൈം ടേബിൾ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് നോട്ടീസ് ബോർഡിലും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കും.

# തദ്ദേശ ഉപതിരഞ്ഞെടുപ്പ്: 32 തദ്ദേശ വാർഡുകളിൽ വോട്ടർ പട്ടിക പുതുക്കുന്നു

സംസ്ഥാനത്തെ 12 ജില്ലകളിലെ 32 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിന് ബന്ധപ്പെട്ട ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ നിർദ്ദേശം നൽകി. കരട് വോട്ടർപട്ടിക സെപ്റ്റംബർ ആറിന് പ്രസിദ്ധീകരിക്കും.

ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ അരൂർ, പാലക്കാട് ജില്ലാ പഞ്ചായത്തിലെ ശ്രീകൃഷ്ണപുരം, കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ നൻമണ്ട വാർഡുകളിലും തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ ഇടക്കോട്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിലെ പോത്തൻകോട് വാർഡ്, തൃശൂർ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ അഴീക്കോട്, പാലക്കാട് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ ചുങ്കമന്ദം എന്നീ വാർഡുകളിലും വോട്ടർ പട്ടിക പുതുക്കും. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ വെട്ടുകാട്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഗാന്ധി നഗർ എന്നീ വാർഡുകളിലും തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 20 ഗ്രാമപഞ്ചായത്ത് വാർഡുകളിലേയും എറണാകുളം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിലെ ഓരോ മുനിസിപ്പാലിറ്റി വാർഡുകളിലെയും വോട്ടർ പട്ടിക പുതുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കരട് പട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും സെപ്റ്റംബർ 20 വരെ സമർപ്പിക്കാം. സെപ്റ്റംബർ 30 ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

കരട് വോട്ടർപട്ടിക ബന്ധപ്പെട്ട പഞ്ചായത്ത്,നഗരസഭ, താലൂക്ക്, വില്ലേജ് ഓഫീസുകളിലും www.l-sg-e-l-e-c-tion.k-er-a-l-a.gov.in ലും സെപ്റ്റംബർ ആറിന് പ്രസിദ്ധീകരിക്കും.

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് 2021 ജനുവരി ഒന്നിനോ അതിന് മുമ്പോ 18 വയസ് തികഞ്ഞിരിക്കണം.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ: ആലപ്പുഴ ജില്ലാ പഞ്ചായത്ത്അരൂർ, പാലക്കാട് ജില്ലാ പഞ്ചായത്ത് ശ്രീകൃഷ്ണപുരം, കോഴിക്കോട് ജില്ലാപഞ്ചായത്ത് നൻമണ്ട, തിരുവനന്തപുരം ചിറയിൻകീഴ്ഇടക്കോട്, തിരുവനന്തപുരം പോത്തൻകോട്പോത്തൻകോട് വാർഡ്, തൃശൂർമതിലകംഅഴീക്കോട്, പാലക്കാട്കുഴൽമന്ദംചുങ്കമന്ദം ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും, തിരുവനന്തപുരംവിതുരപൊന്നാംചുണ്ട്, കൊല്ലം ചിതറസത്യമംഗലം, കൊല്ലം തേവലക്കരനടുവിലക്കര, കോട്ടയംകാണക്കാരികളരിപ്പടി, കോട്ടയംമാഞ്ഞൂർ മാഞ്ഞൂർ സെൻട്രൽ, ഇടുക്കിരാജക്കാട്കുരിശുംപടി, ഇടുക്കിഇടമലക്കുടി വടക്കേഇടലി പാറക്കുടി, തൃശൂർ കടപ്പുറംലൈറ്റ് ഹൗസ്, പാലക്കാട്തരൂർതോട്ടുവിള, പാലക്കാട്എരുത്തേമ്പതിമൂങ്കിൽമട, പാലക്കാട്എരുമയൂർഅരിയക്കോട്, പാലക്കാട് ഓങ്ങല്ലൂർകർക്കിടകച്ചാൽ, മലപ്പുറംപൂക്കോട്ടൂർചീനിക്കൽ, മലപ്പുറംകാലടി ചാലപ്പുറം, മലപ്പുറംതിരുവാലികണ്ടമംഗലം, മലപ്പുറംഊർങ്ങാട്ടിരിവേഴക്കോട്, മലപ്പുറംമക്കരപ്പറമ്പ്കാച്ചിനിക്കാട്, കോഴിക്കോട്കൂടരഞ്ഞികുമ്പാറ, കോഴിക്കോട് ഉണ്ണിക്കുളംവള്ളിയോത്ത്, കണ്ണൂർ എരുവേശികൊക്കമുള്ള് ഗ്രാമപഞ്ചായത്തു വാർഡുകളിലും, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻവെട്ടുകാട്, എറണാകുളംകൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഗാന്ധി നഗർ കോർപ്പറേഷൻ വാർഡുകളിലും എറണാകുളം പിറവംഇടപ്പിള്ളിച്ചിറ, തൃശൂർഇരിങ്ങാലക്കുട ചാലാംപാടം, കാസർഗോഡ് കാഞ്ഞങ്ങാട്ഒഴിഞ്ഞവളപ്പ് മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

## 'അവയവ വിച്ഛേദനരഹിത കേരളം' പ്രചാരണം തുടങ്ങി

തിരുവനന്തപുരം: വാസ്കുലർ സൊസൈറ്റി ഓഫ് കേരളയുടെ(വാസ്ക്) 'അവയവ വിച്ഛേദനരഹിത കേരളം' പ്രചാരണ പരിപാടി ആരംഭിച്ചു. പ്രചാരണ പരിപാടിയുടെ ഉദ്ഘാടനവും ലോഗോ പ്രകാശനവും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവഹിച്ചു.

രക്തക്കുഴൽ സംബന്ധമായ രോഗലക്ഷണങ്ങൾ തുടക്കത്തിലെ തിരിച്ചറിഞ്ഞ് ഉചിതമായ ചികിത്സ ലഭ്യമാക്കിയാൽ 80 ശതമാനം അവയവ വിച്ഛേദനങ്ങളും ഒഴിവാക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു. രക്തക്കുഴൽ സംബന്ധമായ രോഗങ്ങളുടെ മുഖ്യകാരണം പ്രമേഹത്താലുണ്ടാകുന്ന സങ്കീർണതകളാണെന്നും ഇക്കാര്യത്തിൽ വിദ്യാസമ്പന്നർക്കുപോലും അവബോധമുണ്ടാകമെന്നില്ലെന്നും അദ്ദേഹം പറഞ്ഞു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഡോ. ശ്രീകുമാറും വാസ്കുലർ സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിഡന്റ് പ്രൊഫ. ഡോ എം ഉണ്ണിക്ക്യഷ്ണനും വാസ്കിന്റെ ഉപഹാരം ഗവർണർക്ക് സമർപ്പിച്ചു. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി വാസ്കുലർ സർജറി വിഭാഗം മേധാവി ഡോ. പി ശിവനേശൻ നന്ദി പറഞ്ഞു. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി വാസ്കുലർ സർജൻ ഡോ. ശ്രീറാമും പങ്കെടുത്തു.




പാളയം അടിപ്പാതയിലെ ആർട്ടീരിയ ചിത്രരചന പുരോഗതി ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് നിരീക്ഷിക്കുന്നു.

# കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലെന്നു ധനമന്ത്രി

തിരുവനന്തപുരം: കേരളത്തിൻെറ സാമ്പത്തികനില ഗുരുതരമാണെന്നു ധനമന്ത്രി കെ.എൻ. ബാലഗോപാൽ. എത്രകാലം ഇങ്ങനെ മുന്നോട്ടു പോകാൻ കഴിയുമെന്ന കാര്യം ചർച്ച ചെയ്യപ്പെടേണ്ടതാണ് കേസരി സ്മാരക ജേർണലിസ്റ്റ് ട്രസ്റ്റ് സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ മന്ത്രി പറഞ്ഞു.

കേന്ദ്രത്തിൽനിന്നു സംസ്ഥാനത്തിനുള്ള വിഹിതം തുടർച്ചയായ വർഷങ്ങളിൽ കുറയ്ക്കുകയാണ്. 1,17,084 കോടി രൂപയായിരുന്ന കേന്ദ്ര വിഹിതം കഴിഞ്ഞ വർഷം 10,900 കോടിയായി കുറഞ്ഞു. വരുംവർഷങ്ങളിൽ ഇനിയും കുറയും.

ജിഎസ്ടി നടപ്പാക്കിയതിലൂടെ അർഹമായ നികുതി പിരിക്കുന്നതിനുള്ള അവകാശം കേന്ദ്രം സ്വന്തമാക്കി. എന്നാൽ, സംസ്ഥാനത്തിന് അർഹമായ തുക നല്കുന്നില്ല. കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഇതോടെ കടുത്ത പ്രതിസന്ധിയിലാണ്. ജിഎസ്ടി നഷ്ടപരിഹാരം അടുത്ത വർഷം അവസാനിക്കുന്നതോടെ സ്ഥിതി സങ്കീർണമാകും.

കടുത്ത സാന്പത്തിക പ്രതിസന്ധികൾക്കിടയിലും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പ് അതേ വേഗത്തിൽ തുടരുകയാണെന്നു മന്ത്രി ചൂണ്ടിക്കാട്ടി. 912 കിഫ്ബി പദ്ധതികൾക്കാണ് അനുമതി നല്കിയിട്ടുള്ളത്. ഇതിനു മാത്രം 60,000 കോടിയിലധികം രൂപയാണ് ചെലവു വരുന്നത്. സർക്കാർ ജീവനക്കാരുടെ പരിഷ്കരിച്ച ശന്പളത്തിൻെറയും മാറ്റിവച്ച ശന്പളത്തിൻെറയും രണ്ടു ഗഡുക്കൾ നല്കി. കോവിഡ് വ്യാപനം രൂക്ഷമായ പശ്ചാത്തലത്തിൽ 20,000 കോടിയുടെ പാക്കേജ് പ്രഖ്യാപിച്ചു. അനുബന്ധ പാക്കേജായി 5,560 കോടി കൂടി പ്രഖ്യാപിച്ചത് ചെറുകിട വ്യാപാരികൾക്കും സാധാരണ കച്ചവടക്കാർക്കും ഉപകാരപ്രദമായി.

ബ്രിട്ടീഷ് ഭരണകാലത്തും നാട്ടുരാജാക്കന്മാരുടെ കാലഘട്ടത്തിലും ഉണ്ടാക്കിയ സ്വത്തുക്കൾ പോലും കേന്ദ്രസർക്കാർ വിറ്റഴിക്കുകയാണ്. റെയിൽവേ സ്റ്റേഷൻ, എയർപോർട്ട് ഉൾപ്പെടെ ആറു ലക്ഷം കോടി രൂപയുടെ ആസ്തിയാണ് സ്വകാര്യവ്യക്തികൾക്ക് കേന്ദ്രം വിറ്റഴിക്കുന്നത്. അടിസ്ഥാന സൗകര്യവികസനത്തിനായുള്ള റോഡുകൾ പോലും വില്പനയ്ക്കു വച്ചു. കേന്ദ്രസർക്കാരിൻെറ സാന്പത്തിക പ്രതിസന്ധി മൂലമാണിത്. തലതിരിഞ്ഞ സാന്പത്തിക നയങ്ങളാണ് ഇതിനു കാരണമെന്നും ബാലഗോപാൽ കൂട്ടിച്ചേർത്തു. ജിഎസ്ടി നടപ്പിലാക്കുന്പോൾ അഞ്ചു വർഷത്തേക്കാണ് നഷ്ടപരിഹാരത്തിനുള്ള വ്യവസ്ഥ ഏർപ്പെടുത്തിയത്. ജിഎസ്ടിയിൽ 14 ശതമാനം വർധന കേന്ദ്രസർക്കാർ ഉറപ്പു നൽകി. ജിഎസ്ടി തുകയിൽ കുറവു വന്നാൽ ബാക്കി തുക കേന്ദ്രം നൽകുമെന്നായിരുന്നു വ്യവസ്ഥ. ഇതനുസരിച്ച് ജിഎസ്ടി നടപ്പിലാക്കിയ 201718 സാന്പത്തികവർഷത്തെ ഒന്പതു മാസം 2,102 കോടി രൂപ നഷ്ടപരിഹാരം നൽകി. 201819 ൽ 3,532 കോടിയും 201920 ൽ 8,111 കോടിയും നഷ്ടപരിഹാരം ലഭിച്ചു.

കോവിഡ് പ്രതിസന്ധിക്കിടെ കഴിഞ്ഞ സാന്പത്തിക വർഷം 914 കോടി രൂപ മാത്രമാണ് നഷ്ടപരിഹാരം ലഭിച്ചത്. എന്നാൽ, ഉപാധികളോടെ കടമെടുക്കാനുള്ള പരിധി വർധിപ്പിച്ചു നൽകി. ജിഎസ്ടി നഷ്ടപരിഹാരം അഞ്ചു വർഷം കൂടി നീട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നു മന്ത്രി പറഞ്ഞു.

# ഗ്രാമപഞ്ചായത്തുകളിലെ സേവനങ്ങൾക്ക് സിറ്റിസൺ പോർട്ടൽ

ഗ്രാമപഞ്ചായത്തുകളിലെ ഭരണനിർവഹണ നടപടികളും സേവനങ്ങളും സുതാര്യവും സുഗമവുമാക്കി പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ പഞ്ചായത്ത് വകുപ്പിന്റെ സഹകരണത്തോടെ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച അതിനൂതന സോഫ്റ്റ്വെയർ അപ്ലിക്കേഷനായ സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സമ്പ്രദായത്തിന്റെ (ഐ.എൽ.ജി.എം.എസ്) ഭാഗമായി പ്രത്യേകം തയ്യാറാക്കിയ സിറ്റിസൺ പോർട്ടലിന്റെ ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ മൂന്ന്) തദ്ദേശസ്വയംഭരണ, ഗ്രാമവികസന എക്സൈസ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ ഓൺലൈനായി നിർവഹിക്കും. ഉച്ചയ്ക്ക് രണ്ടരയ്ക്കാണ് ചടങ്ങ്. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ സുരേഷ് അദ്ധ്യക്ഷത വഹിക്കും.

c-i-tiz-en.l-sg-k-er-a-l-a.gov.in ആണ് പോർട്ടൽ വിലാസം. എല്ലാ സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി ഓൺലൈനിൽ ലഭിക്കാനുള്ള ക്രമീകരണം ഒരുക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് ഐ.എൽ.ജി.എം.എസ് അപ്ലിക്കേഷൻ വികസിപ്പിച്ചത്.

കേരളത്തിലെ 153 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ് നിലവിലുണ്ട്.

രണ്ടാംഘട്ടമായി 150 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ് വിന്യസിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു.

303 ഗ്രാമപഞ്ചായത്തുകളിൽ സോഫറ്റ്വെയറിൽ രജിസ്റ്റർ ചെയ്ത ലോഗിനിലൂടെയും അക്ഷയ സെന്ററുകളിലൂടെയും 213 സേവനങ്ങൾ ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷിക്കാനും ഓൺലൈൻ പണമടയ്ക്കാനും സേവനങ്ങൾ ഓൺലൈനായി ലഭിക്കാനും പൊതുജനങ്ങൾക്ക് സൗകര്യമുണ്ട്.

ശേഷിക്കുന്ന 638 ഗ്രാമപഞ്ചായത്തുകളിൽ സേവനങ്ങൾക്കായി ഓൺലൈനിൽ അപേക്ഷിക്കുന്നതിനും അപേക്ഷയോടൊപ്പം നൽകാനുള്ള ഫീസുകൾ ഓൺലൈനിൽ അടയ്ക്കാനും സർക്കാർ നിർദേശപ്രകാരം ഐഎൽജിഎംഎസിന്റെ തന്നെ ഭാഗമായി പ്രത്യേകം തയ്യാറാക്കിയതാണ് സിറ്റിസൺ പോർട്ടൽ. പരിപാടി തൽസമയം you-tu-b-e.com/k-i-l-a-tcr/l-iv-e, f-a-c-e-boo-k.com/k-i-l-a-tcr/l-iv-e എന്നീ ലിങ്കുകളിൽ ലഭിക്കും.

# പ്രൊഫ: ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിച്ച് എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.എൽ.സി, പ്ലസ്ടു/വി.എച്ച്.എസ്.ഇ തലങ്ങളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. സ്കോളർഷിപ്പ് തുക 10,000 രൂപയാണ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകും. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ എട്ട് ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെയും പരിഗണിക്കും.

വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.m-inor-tiyw-e-l-f-ar-e.k-er-a-l-a.gov.in മുഖേന അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 04712300524.

# മ്യൂസിയം കൺസർവേഷൻ ലബോറട്ടറി ഉദ്ഘാടനം ചെയ്തു

നാടിന്റെ കലാ സാംസ്കാരിക പൈതൃക സംരക്ഷണം ലക്ഷ്യമിട്ട് ആരംഭിച്ച മ്യൂസിയം കൺസർവേഷൻ ലബോറട്ടറിയും രവിവർമ ചിത്രങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങളും പുരാവസ്തു പുരാരേഖ മ്യൂസിയം മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്തു. ഈ വർഷം അവസാനത്തോടെ പൂർത്തിയാകുന്ന പുതിയ ആർട്ട് ഗ്യാലറിയിൽ പ്രദർശിപ്പിക്കുന്ന രാജാരവിവർമയുടെ ചിത്രങ്ങളും സ്കെച്ചുകളും സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു. ചിത്രങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകി രാസസംരക്ഷണ പ്രവർത്തനങ്ങൾ മ്യൂസിയം കൺസർവേഷൻ ലബോറട്ടറി നിർവഹിക്കും. ഇത്തരത്തിൽ അത്യാധുനിക സജ്ജീകരണങ്ങളുള്ള ഇന്ത്യയിലെ മൂന്നാമത്തെ ലബോറട്ടറിയാണിത്. 1.41 കോടി രൂപയാണ് ഇതിനായി സർക്കാർ ചെലവഴിച്ചത്. ആർട്ട് ഗ്യാലറിയിലെ മറ്റു ചിത്രങ്ങളും പുറത്തുള്ള വ്യക്തികളുടെ ചിത്രങ്ങളും ഉൾപ്പടെ സംരക്ഷിക്കുന്നതിന് വേണ്ട പ്രവർത്തനം കൺസർവേഷൻ ലബോറട്ടറി നടത്തുമെന്ന് മന്ത്രി പറഞ്ഞു. മ്യൂസിയം വകുപ്പിന്റെ പക്കലുള്ള 1100 ലധികം അമൂല്യമായ ചിത്രങ്ങളുടെ സംരക്ഷണത്തിന് ലബോറട്ടറി സഹായകരമാകും. ഫോട്ടോ ഡോക്യുമെന്റേഷൻ റൂം, സക്ഷൻ ടേബിൾ, വിവിധ തരം ക്യാമറകൾ തുടങ്ങി ആധുനിക സംവിധാനങ്ങളെല്ലാം ഇവിടെയുണ്ട്. വി.കെ. പ്രശാന്ത് എം. എൽ. എ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പുരാവസ്തു പുരാരേഖ മ്യൂസിയം അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വി. വേണു ആമുഖ പ്രഭാഷണം നടത്തി. ജനപ്രതിനിധികൾ, മ്യൂസിയം അധികൃതർ, വിദഗ്ധ സമിതി അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.

## എംടെക്ക് അഡ്മിഷൻ

സിഡാക്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇ ആർ ആന്റ് ഡിസി ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ എം.ടെക്ക് പ്രോഗ്രാമിലേക്കുള്ള പ്രവേശനം ആരംഭിച്ചു. ഇലക്ട്രോണിക്സിൽ വി എൽ എസ് ഐ ആൻഡ് എംബഡഡ് സിസ്റ്റംസ്, കമ്പ്യൂട്ടർ സയൻസിൽ സൈബർ ഫോറൻസിക്സ് ആൻഡ് ഇൻഫർമേഷൻ സെക്യൂരിറ്റി എന്നീ വിഷയങ്ങളിലാണ് എം.ടെക്ക്. വെള്ളയമ്പലത്തെ സിഡാക്ക് ക്യാമ്പസിലാണ് ഇആർ ആന്റ് ഡിസി ഐഐടി പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികളിൽ മികച്ച നിലവാരം പുലർത്തുന്നവർക്ക് സിഡാക്കിലെ പ്രോജക്ടുകളിൽ പ്രവർത്തിക്കാനും പഠനശേഷം രണ്ടുവർഷം വരെ സ്റ്റൈപ്പന്റോടെ ഇന്റേൺഷിപ്പിനോ മികച്ച കമ്പനികളിൽ പ്ലേസ്മെന്റിനോ അവസരം ലഭിക്കും. അപേക്ഷിക്കാനുള്ള അവസാനതീയതി സെപ്റ്റംബർ 15. കൂടുതൽ വിവരങ്ങൾക്ക് er-d-c-i-i-t.a-c.in സന്ദർശിക്കുകയോ ഫോണിൽ (04712723333 എക്സ്റ്റൻഷൻ:250,295, മൊബൈൽ: 8547897106) ബന്ധപ്പെടുകയോ ചെയ്യുക.

## കോവിഡ്: ശ്രീലങ്കയിൽ സാന്പത്തിക അടിയന്തരാവസ്ഥ

കൊളംബോ: കോവിഡ് മൂലം ശ്രീലങ്ക കടുത്ത സാന്പത്തിക പ്രതിസന്ധിയിലായി. പണപ്പെരുപ്പം മൂലം അവശ്യസാധനങ്ങൾക്കു വില വർധിച്ചതു ജനങ്ങളെ ഞെരുക്കുന്നു. ചൊവ്വാഴ്ച രാജ്യത്ത് സാന്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. കോവിഡ് മൂലം മുഖ്യ വരുമാനമാർഗമായ ടൂറിസം മേഖല തകർന്നതാണു പ്രതിസന്ധിക്കു കാരണം. ഈ വർഷം ശ്രീലങ്കൻ രൂപയുടെ മൂല്യം ഡോളറിനെതിരേ 7.5 ശതമാനം ഇടിഞ്ഞു. ഭക്ഷ്യവസ്തുക്കൾ അടക്കം ഇറക്കുമതി ചെയ്യുന്ന രാജ്യത്തെ ഇതു ഗുരുതരമായി ബാധിക്കുന്നു. മാസാടിസ്ഥാനത്തിലുള്ള പണപ്പെരുപ്പം ഓഗസ്റ്റിൽ ആറു ശതമാനമായി ഉയർന്നു. അരി, പഞ്ചസാര, ഉള്ളി, ഉരുളക്കിഴങ്ങ് തുടങ്ങിയവയുടെ വില സാധാരണക്കാർക്കു താങ്ങാവുന്നതിലും കൂടുതലായി. പാചകവാതകം, മണ്ണെണ്ണ മുതലായവയ്ക്കും വില വർധിച്ചിട്ടുണ്ട്. സാന്പത്തിക അടിയന്തരാവസ്ഥയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വിതരണം ഉറപ്പാക്കുന്നതിന് പ്രത്യേക കമ്മീഷണറെ നിയമിച്ചിട്ടുണ്ട്. പൂഴ്ത്തിവയ്പ്പു തടയാനും സാധനങ്ങൾ പിടിച്ചെടുത്ത് മിതമായ വിലയിൽ ജനങ്ങൾക്കു ലഭ്യമാക്കാനും കമ്മീഷണർ നടപടിയെടുക്കും.

## ഒ.ബി.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

സംസ്ഥാനത്തെ ഒ.ബി.സി സമുദായങ്ങളിൽ സി.എ, സി.എം.എസ്, സി.എസ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ കവിയരുത്. www.egratnz.kerala.gov.in സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. ഓൺലൈനിൽ അപേക്ഷ രജിസ്റ്റർ ചെയ്യുന്നതിന് ഇഡിസ്ട്രിക്ട് പോർട്ടലിൽ നിന്നും ലഭ്യമായ ജാതി,വരുമാന സർട്ടിഫിക്കറ്റുകൾ ആവശ്യമാണ്. വിശദാംശങ്ങൾ അടങ്ങിയ വിജ്ഞാപനം ംww.bcdd.kerala.gov.in ൽ ലഭിക്കും. അവസാന തിയതി സെപ്റ്റംബർ 30. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖല ഓഫീസുകളുമായി ബന്ധപ്പെടണം. ഫോൺ: എറണാകുളം മേഖല ഓഫീസ് 0484 2429130, കോഴിക്കോട് മേഖല ഓഫീസ് 0495 2377786.

## പ്രൊപ്പോസൽ ക്ഷണിച്ചു

സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ പഠനനിലവാരവും സാഹചര്യങ്ങളും മെച്ചപ്പെടുത്താൻ 202021 സാമ്പത്തികവർഷത്തിൽ ഞാറനീലി പ്രീമെട്രിക് ഹോസ്റ്റലിലേക്ക് ഫർണിച്ചർ, ടി.വി, കൊതുകുവല, പാചക ആവശ്യത്തിനുള്ള പാത്രങ്ങൾ, പെയിന്റിംഗ് എന്നിവയ്ക്കായി മൂന്ന് വർഷത്തെ പ്രവൃത്തി പരിചയമുള്ള ഗവ.അക്രഡിറ്റഡ് സ്ഥാപനങ്ങളിൽ നിന്ന് പ്രൊപ്പോസൽ ക്ഷണിച്ചു. പ്രൊപ്പോസലുകൾ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 17. പ്രീബിഡ് മീറ്റിംഗ് സെപ്റ്റംബർ ഒമ്പതിന് പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് വികാസ് ഭവനിലെ പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 04712303229, 04712304594.

## വിധവ അവിവാഹിത പെൻഷൻ: സാക്ഷ്യപത്രം സമർപ്പിക്കണം

വിധവാ പെൻഷൻ / 50 വയസ്സുകഴിഞ്ഞവർക്ക് അവിവാഹിത പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് പുനർവിവാഹിത/ വിവാഹിത അല്ല എന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ സമർപ്പിക്കുന്നതിന് സെപ്തംബർ 10 വരെയും സർട്ടിഫിക്കറ്റ് അപ്ലോഡു ചെയ്യുന്നതിനായി സെപ്തംബർ 16 വരെയും സമയം അനുവദിച്ചു.

## മന്ത്രി ജി.ആർ. അനിലിന്റെ ഇടപെടലിൽ ഐ.എസ്.ആർ.ഒ ഭൂമി ഏറ്റെടുക്കലിന് ശാശ്വത പരിഹാരം

വലിയമല ഐ.എസ്.ആർ.ഒയുടെ വികസന പ്രവർത്തനങ്ങൾക്കായി കണ്ടെത്തിയ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന തടസ്സങ്ങൾക്ക് സ്ഥലം എം.എൽ.എയും ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുമായ ജി.ആർ. അനിലിന്റെ ഇടപെടലിൽ ശാശ്വത പരിഹാരമായി. ഐ.എസ്.ആർ.ഒയുടെ വികസന പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന 68 ഏക്കർ ഭൂമിയിൽ നാല് ഏക്കറോളം നിലമായിരുന്നു. അതിനാൽ നിലം കരഭൂമിയായി പരിവർത്തനം നടത്തിയാൽ മാത്രമേ നഷ്ടപരിഹാര തുക ഭൂ ഉടമകൾക്ക് കൈമാറാൻ കഴിയുകയുള്ളൂ എന്ന നിലപാടാണ് ഐ.എസ്.ആർ.ഒ സ്വീകരിച്ചിരുന്നത്. റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ ഇതുമായി ബന്ധപ്പെട്ട് യോഗം ചേർന്നിരുന്നു. ഭക്ഷ്യ മന്ത്രി ജി.ആർ. അനിൽ, ഐ.എസ്.ആർ.ഒ ഡയറക്ടർ നാരായണൻ, കൺട്രോളർ സരസ്വതി, സിവിൽ എൻജിനിയർമാർ തുടങ്ങിയവർ ഇതിൽ പങ്കെടുത്തു. ഭക്ഷ്യ മന്ത്രിയുടെ ഇടപെടലിന്റെ ഫലമായി ഐ.എസ്.ആർ.ഒ ഡയറക്ടർ നാരായണൻ കഴിഞ്ഞ ദിവസം ഭൂമി ഏറ്റെടുക്കുന്നതിന് 68.23 കോടി രൂപയുടെ ചെക്ക് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് കൈമാറി. 19(1) ഡിക്ലറേഷൻ പ്രസിദ്ധീകരിച്ച ശേഷം വില നിർണയ ഘട്ടത്തിലേക്ക് കടക്കും. വില നിശ്ചയിച്ച് കഴിഞ്ഞാലുടൻ തുക വിതരണം ചെയ്യും. ഇതോടെ ഇവിടെ താമസിച്ചിരുന്ന 191 കുടുംബങ്ങളുടെ ദുരതങ്ങൾക്ക് പരിഹാരമാകും.

## സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/ കമ്പ്യൂട്ടർ പ്രോഗ്രാമർ

ഫിഷറീസ് ഡയറക്ടറേറ്റിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. യോഗ്യത എം.ടെക്/ എം.ഇ/ബി.ടെക്/ബി.ഇ/ എം.സി.എ/എം.എസ്സി കമ്പ്യൂട്ടർ സയൻസ് കൂടാതെ നെറ്റ് വർക്കിംഗ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിംഗ്/ നെറ്റ് വർക്കിംഗ്/ വെബ് ഡിസൈനിംഗ് മേഖലയിൽ മൂന്നു വർഷത്തെ പ്രവർത്തിപരിചയം അഭിലഷണീയം. കൂടുതൽ വിവരങ്ങൾക്ക് www.f-i-sh-er-i-e-s.k-er-a-l-a.gov.in. അപേക്ഷ ലഭിക്കേണ്ട അവസാന തിയതി സെപ്റ്റംബർ 6.

## ഇംഗ്ലീഷ് ക്ളേ: പ്രവർത്തനം സുഗമമാക്കാൻ തീരുമാനം

ചൈനാക്ലേ നിർമ്മാതാക്കളായ തിരുവനന്തപുരം ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനും പൂർണ്ണ ശേഷിയിൽ ഉൽപാദനം നടത്തുന്നതിനും ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്താൻ നിയമപരമായി ചെയ്യാൻ കഴിയുന്ന നടപടികൾ സ്വീകരിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് നിർദേശം നൽകി. വ്യവസായ മന്ത്രി പി. രാജീവിന്റെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. കമ്പനിയുടെ പ്രവർത്തനത്തിനാവശ്യമായ ക്രൂഡ് ക്ളേ ലഭ്യമാക്കുന്നതിന് നിയമപരമായി സാധ്യമാകുന്ന നടപടികൾ സ്വീകരിക്കും. പ്രവർത്തനത്തിനാവശ്യമായ ക്രൂഡ് ക്ളേയുടെ ആവശ്യത്തിന് രണ്ട് പാട്ടക്കരാറുകളാണ് നിലവിൽ കമ്പനിയുമായുള്ളത്. ഇതിലൂടെ ലഭിക്കുന്ന ക്ളേ പരിമിതമായതിനാൽ രണ്ടു വർഷമായി കമ്പനിയുടെ പ്രവർത്തനം പ്രയാസത്തിലാണെന്ന് മാനേജ്മെന്റ് സമർപ്പിച്ച നിവേദനത്തിൽ ചൂണ്ടിക്കാട്ടി. അന്താരാഷ്ട്ര വിപണിയിൽ കമ്പനി ഉത്പന്നങ്ങൾക്ക് ഉണ്ടായിരിക്കേണ്ട ഉന്നത ഗുണനിലവാരവും പുതിയ നിക്ഷേപ പദ്ധതികളും കമ്പനി ഉറപ്പു നൽകി. ഉപയോഗിച്ച ഖനന പ്രദേശങ്ങൾ പൂർവ സ്ഥിതിയിലേക്ക് എത്തിക്കുന്നതിനും ഇതര ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനും ഇതുവരെ കമ്പനിക്ക് കഴിഞ്ഞതായും മാനേജ്മെന്റ് അറിയിച്ചു. കമ്പനിയുമായി ബന്ധപ്പെട്ട തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തൊഴിൽ മന്ത്രിയുടെ സാന്നിധ്യത്തിൽ പിന്നീട് യോഗം ചേരാനും തീരുമാനിച്ചു.

# പ്രിൻസിപ്പലിനെ നിയമിക്കുന്നു

സംസ്ഥാന പട്ടികജാതി പട്ടികവർഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ പട്ടികവർഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഞാറനീലി സി.ബി.എസ്.ഇ സ്കൂളിൽ 202122 അധ്യയന വർഷത്തേക്ക് മാത്രം കരാർ അടിസ്ഥാനത്തിൽ പ്രിൻസിപ്പലിനെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. റസിഡൻഷ്യൽ സ്വഭാവമുള്ളതിനാൽ സ്കൂളിൽ താമസിച്ച് ജോലി ചെയ്യുന്നതിന് സമ്മതമുള്ളവർ മാത്രം അപേക്ഷിച്ചാൽ മതി. കരാർ കാലാവധിയിൽ യോഗ്യതാ പ്രമാണങ്ങളുടെ അസ്സൽ, ബന്ധപ്പെട്ട ഓഫീസിൽ സമർപ്പിക്കണം. കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് തിരികെ നൽകും.

അപേക്ഷകൾ സെപ്റ്റംബർ 5 വരെ സ്വീകരിക്കും. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നിബന്ധനകൾക്കു വിധേയമായി 2022 മാർച്ച് 31 വരെയാണ് കരാർ നിയമനം നൽകുക.

അംഗീകൃത സർവകലാശാലയിൽ നിന്നും സയൻസ് വിഷയത്തിൽ 50 ശതമാനം മാർക്കിൽ കുറയാതെ നേടിയിട്ടുള്ള ബിരുദാനന്തര ബിരുദവും ടീച്ചിംഗ് ഡിഗ്രിയും (ബി.എഡ്) ഉണ്ടാവണം. സി.ബി.എസ്.ഇ അഫിലിയേറ്റഡ് സീനിയർ സെക്കണ്ടറി സ്കൂളിലോ, ബിരുദ/ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളിലോ കുറഞ്ഞത് മൂന്നു വർഷം പ്രിൻസിപ്പലായി/വൈസ് പ്രിൻസിപ്പലായി ജോലിനോക്കിയ പ്രവൃത്തിപരിചയം വേണം. പ്രായം 35നും 58നും മധ്യേ. 45,800 രൂപ പ്രതിമാസം ഓണറേറിയം ലഭിക്കും. കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. അപേക്ഷ പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ, 4ാം നില, വികാസ് ഭവൻ, തിരുവനന്തപുരം, പിൻ 695033 എന്ന വിലാസത്തിൽ സമർപ്പിക്കണം. ഫോൺ: 04712304594, 04712303229.

# അയൽപക്ക നിരീക്ഷണ സമിതി രൂപീകരിക്കും : മുഖ്യമന്ത്രി

കോവിഡ് പ്രതിരോധത്തിന് സർക്കാർ ഉദ്യോഗസ്ഥർ, സന്നദ്ധസേനാ വാളണ്ടിയർമാർ, പ്രദേശത്തെ സേവന സന്നദ്ധരായവർ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി അയൽപക്ക നിരീക്ഷണ സമിതികൾ രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപന അധികൃതരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

പ്രാദേശികമായ കരുതലാണ് ഏറ്റവും പ്രധാനം. അയൽപക്ക നിരീക്ഷണ സമിതി, റാപ്പിഡ് റെസ്പോൺസ് ടീം, വാർഡുതല സമിതി, പോലീസ്, സെക്ടറൽ മജിസ്ട്രേറ്റ് എന്നിവരുടെ നേതൃത്വത്തിൽ നിയന്ത്രണങ്ങൾ നടപ്പാക്കണം. വ്യാപനം കുറയ്ക്കാനുള്ള ഇടപെടൽ ഓരോ പ്രദേശത്തും നടത്തണം.

പോസീറ്റീവ് ആയവരുമായി സമ്പർക്കത്തിലുള്ള മുഴുവൻ പേരെയും നിരീക്ഷണത്തിലാക്കണം. ആദ്യഘട്ടത്തിൽ ഇടപെട്ടതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ സജീവമായി മുന്നോട്ടുനീങ്ങിയാൽ പെട്ടെന്നുതന്നെ സാധാരണ അന്തരീക്ഷത്തിലേക്ക് കാര്യങ്ങൾ എത്തിക്കാൻ നമുക്കാവും.

ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 18 20 ശതമാനത്തിനിടയിൽ നിൽക്കുമ്പോഴും മരണനിരക്ക് 0.5 ശതമാനത്തിൽ പിടിച്ചുനിർത്താൻ നമുക്കായെന്ന് മുഖ്യമന്ത്രി പറഞ്ഞു. പുതിയ കോവിഡ് വകഭേദം സജീവമായ വിദേശരാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാരെ എയർപോർട്ടിൽ പരിശോധിക്കും. 74 ശതമാനം പേർക്ക് ഒന്നാം ഡോസും 27 ശതമാനം പേർക്ക് രണ്ടാം ഡോസും വാക്സിൻ നൽകിക്കഴിഞ്ഞു. ആരോഗ്യപ്രവർത്തകർക്കും മുൻനിര പ്രവർത്തകർക്കും 100 ശതമാനം ഒന്നാം ഡോസും 86 ശതമാനം രണ്ടാം ഡോസും നൽകി. വാക്സിനേഷൻ കുറഞ്ഞ തദ്ദേശസ്ഥാപനങ്ങളിൽ ശരാശരി നിലയിലേക്ക് ഉയർത്താൻ പ്രത്യേക യജ്ഞം നടത്തും. വാക്സിനേഷൻ ആവശ്യമില്ലെന്നു ചിന്തിക്കുന്നവരെ കുടുംബാംഗങ്ങളും സുഹൃത്തുക്കളും പിന്തിരിപ്പിക്കണം.

സംസ്ഥാനവ്യാപക ലോക്ഡൗൺ പോലുള്ള നടപടികളെ ആരും അനുകൂലിക്കുന്നില്ല. ഇത് സമ്പദ്ഘടനയ്ക്കും ജീവനോപാധികൾക്കും സൃഷ്ടിക്കുന്ന പ്രതിസന്ധി വളരെ വലുതാവും. സാമൂഹിക പ്രതിരോധശേഷി കെട്ടിപ്പടുത്ത് സാധാരണ നിലയിലേക്ക് നീങ്ങണമെന്നാണ് വിദഗ്ധാഭിപ്രായം. ജാഗ്രതയിൽ ഒട്ടും വിട്ടുവീഴ്ച പാടില്ല.

വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ പുറത്തിറങ്ങരുത്. അത്തരക്കാരിൽ നിന്നും പിഴ ഈടാക്കും. അവരുടെ സ്വന്തം ചെലവിൽ ക്വാറന്റീനിലേക്ക് മാറ്റാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം. വീട്ടിൽ നിരീക്ഷണത്തിൽ കഴിയാൻ അത്യാവശ്യം സൗകര്യമില്ലെങ്കിൽ സി.എഫ്.എൽ.ടി.സി കളിൽ പോകണം. കരുതൽ വാസ കേന്ദ്രങ്ങളും സജീവമാക്കേണ്ടതുണ്ട്. അനുബന്ധ രോഗങ്ങൾ ഉള്ളവരെയും മുതിർന്ന പൗരൻമാരെയും നിർബന്ധമായും ആദ്യദിവസങ്ങളിൽ തന്നെ ആശുപത്രിയിലെത്തിച്ച് ജീവൻ രക്ഷിക്കാനാകണം.

കണ്ടെയിൻമെന്റ് സോണുകളായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിലേക്ക് മരുന്നുകൾ, അവശ്യസാധനങ്ങൾ, കോവിഡ് ഇതര രോഗങ്ങൾക്കുള്ള ചികിത്സ എന്നിവ ലഭ്യമാക്കാൻ വാർഡുതല സമിതികൾ ഉൾപ്പെടെയുള്ള സമിതികൾ മുൻഗണന നൽകണം. ആരും പട്ടിണി കിടക്കുന്നില്ല എന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഉറപ്പുവരുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടിയെടുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ, ആരോഗ്യമന്ത്രി വീണാ ജോർജ്ജ്, റവന്യു മന്ത്രി കെ. രാജൻ, ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ്, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, സെക്രട്ടറിമാർ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ തുടങ്ങിയവർ സംബന്ധിച്ചു.




കെ.എസ്.ആർ.ടി.സി പുതുതായി നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്ന ആടഢക മാനദണ്ഡങ്ങൾ പാലിക്കുന്ന ഡീസൽ ബസുകളുടെ വിലയിരുത്തലിന്റെ ഭാഗമായി റ്റാറ്റാ മോട്ടോഴ്സ് കെഎസ്ആർടിസിക്ക് സൗജന്യമായി നൽകിയ ബസ് ഷാസി ഗതാഗതവകുപ്പുമന്ത്രി ആന്റണി രാജു റ്റാറ്റാ മോട്ടോഴ്സ് റീജണൽ മാനേജർ അജയ് ഗുപ്തയിൽ നിന്നും ഏറ്റെവാങ്ങുന്നു. കെഎസ്ആർടിസി സിഎംഡി ബിജുപ്രഭാകർ സമീപം

# കെ.എസ്.ആർ.ടി.സിക്ക് റ്റാറ്റാ മോട്ടോഴ്സ് സൗജന്യമായി ഡീസൽ ബസ് നൽകി

തിരുവനന്തപുരം; 2020 ഏപ്രിൽ 1 മുതൽ ആടഢക വാഹനങ്ങൾ മാത്രം നിരത്തിലിറക്കുണമെന്ന നിയമത്തെ തുടർന്ന് കെ.എസ്.ആർ.ടി.സി പുതുതായി നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്ന ആടഢക മാനദണ്ഡങ്ങൾ പാലിക്കുന്ന ഡീസൽ ബസുകളെ വിലയിരുത്തുന്നതിന്റെ ഭാഗമായി റ്റാറ്റാ മോട്ടോഴ്സ് കെഎസ്ആർടിസിക്ക് സൗജന്യമായി നൽകിയ ബസ് ഷാസി ഗതാഗതവകുപ്പുമന്ത്രി ആന്റണി രാജു ഏറ്റുവാങ്ങി. കെഎസ്ആർടിസി സിഎംഡി ബിജുപ്രഭാകർ ഐഎഎസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ റ്റാറ്റാ മോട്ടോഴ്സ് റീജണൽ മാനേജർ അജയ് ഗുപ്തയാണ് മന്ത്രിക്ക് ഷാസി കൈമാറിയത്.

നൂതന സാങ്കേതിക വിദ്യകളോടുകൂടിയ പുതിയ ബസ് ഷാസിയിൽ കെഎസ്ആർടിസി ബോഡി നിർമ്മിക്കുയും ചെയ്യും. കെഎസ്ആർടിസിയുടെ ആദ്യ ബിഎസ് VI ബസാണ് ഇത്. ഇത് വരെ കെഎസ്ആർടിസി നിലവിൽ 6 സിലിണ്ടർ എഞ്ചിൻ ബസുകളാണ് ഉപയോഗിക്കുന്നത്.ഇതിന് പകരമാണ് 4 സിലിണ്ടർ എഞ്ചിനുള്ള അത്യാധുനിക ശ്രേണിയിൽ ഉള്ള ബസ് കെഎസ്ആർടിസി പുറത്തിറക്കുന്നത്. ആറ് സിലിണ്ടർ എഞ്ചിൻ ബസുകളിൽ 3.5 കിലോമീറ്റർ വരെ മൈലേജ് ലഭിക്കുമ്പോൾ പുതിയ ബസിൽ നിന്നും 5 കിലോ മീറ്ററിലധികം മൈലേജ് ലഭിക്കുമെന്നാണ് പ്രതീക്ഷ.

ഏറ്റവും പുതിയ ശ്രേണിയിലുള്ള ന്യൂ ജനറേഷൻ എഞ്ചിൻ അന്തരീക്ഷ മലിനീകരണ തോത് ഗണ്യമായി കുറയ്ക്കും, 5000 സി സി കപ്പാസിറ്റിയോടുകൂടിയ എഞ്ചിൻ കുറഞ്ഞ ആർ.പി.എംൽ 180 ഒജ ശക്തി ലഭിക്കും. 4 വാൽവ്സ് പെർ സിലിണ്ടർ കോമൺ റെയിൽ ഇഞ്ചക്ഷൻ എഞ്ചിൻ 25 മുതൽ 30 ശതമാനം വരെ അധിക ഇന്ധന ക്ഷമതയും ലഭ്യമാകും. 6 സ്പീഡ് ഗിയർ 750 ഓവർ ഡ്രൈവ് ഗിയർ ബോക്സോടുകൂടിയ ഈ വാഹനത്തിൽ കൂടുതൽ യാത്രാ സുഖവും ഇന്ധന ക്ഷമതയും ലഭ്യമാണ്. മികച്ച സൗകര്യങ്ങളോടുകൂടിയ ഡ്രൈവിംഗ് സീറ്റ്, ഗിയർ ഷിഫ്റ്റ് അഡ്വൈസർ, ടിൽട്ട് ടെലിസ്കോപ്പിക് സ്റ്റിയറിംഗ് എന്നിവ ഡ്രൈവർക്ക് സുഖകരവും സുരക്ഷിതവുമായ ഡ്രൈവിംഗ് ഉറപ്പാക്കുകയും ചെയ്യുന്നു.

## അച്ഛനെയും മകളെയും പോലീസ് ഉദ്യോഗസ്ഥ അപമാനിച്ച സംഭവം: കമ്മീഷൻകേസെടുത്തു

ആറ്റിങ്ങലിൽ പട്ടികജാതിക്കാരനായ ജയചന്ദ്രനെയും എട്ടുവയസുകാരിയായ മകളെയും മൊബൈൽ മോഷ്ടാവ് എന്നാരോപിച്ച് നടുറോഡിൽ അപമാനിക്കുകയും പൊതുനിരത്തിൽ പരസ്യവിചാരണ നടത്തുകയും ചെയ്ത സംഭവത്തിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷൻ കേസെടുത്തു. പിങ്ക് പോലീസ് പട്രോൾ ഉദ്യോഗസ്ഥയായ രജിതക്കെതിരെ കർശന നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് ജയചന്ദ്രൻ കമ്മീഷന് പരാതി നൽകിയിരുന്നു. പരാതി പരിശോധിച്ചതിൽ നിന്നും വനിതാ ഉദ്യോഗസ്ഥയുടെ പ്രവൃത്തി പട്ടികജാതി പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യമാണെന്ന് കമ്മീഷൻ പ്രാഥമികമായി വിലയിരുത്തി. സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി 10 ദിവസത്തിനകം കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

# സംസ്ഥാനത്ത് 29,322 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

കേരളത്തിൽ 29,322 പേർക്ക് കൂടി കോവിഡ്19 സ്ഥിരീകരിച്ചു. തൃശൂർ 3530, എറണാകുളം 3435, കോഴിക്കോട് 3344, കൊല്ലം 2957, മലപ്പുറം 2736, പാലക്കാട് 2545, ആലപ്പുഴ 2086, തിരുവനന്തപുരം 1878, കോട്ടയം 1805, കണ്ണൂർ 1490, പത്തനംതിട്ട 1078, വയനാട് 1003, ഇടുക്കി 961, കാസർഗോഡ് 474 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗം സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 1,63,691 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 17.91 ആണ്. റുട്ടീൻ സാമ്പിൾ, സെന്റിനൽ സാമ്പിൾ, സിബി നാറ്റ്, ട്രൂനാറ്റ്, പി.ഒ.സി.ടി. പി.സി.ആർ., ആർ.ടി. എൽ.എ.എം.പി., ആന്റിജൻ പരിശോധന എന്നിവ ഉൾപ്പെടെ ഇതുവരെ 3,20,65,533 ആകെ സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) ഏഴിന് മുകളിലുള്ള 296 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളാണുള്ളത്. അതിൽ 81 എണ്ണം നഗര പ്രദേശങ്ങളിലും 215 എണ്ണം ഗ്രാമ പ്രദേശങ്ങളിലുമാണുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 131 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 21,280 ആയി.

രോഗം സ്ഥിരീകരിച്ചവരിൽ 79 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 27,874 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 1251 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. തൃശൂർ 3505, എറണാകുളം 3368, കോഴിക്കോട് 3282, കൊല്ലം 2950, മലപ്പുറം 2683, പാലക്കാട് 1708, ആലപ്പുഴ 2055, തിരുവനന്തപുരം 1742, കോട്ടയം 1730, കണ്ണൂർ 1401, പത്തനംതിട്ട 1058, വയനാട് 982, ഇടുക്കി 942, കാസർഗോഡ് 468 എന്നിങ്ങനെയാണ് സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

118 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. പാലക്കാട് 24, കണ്ണൂർ 19, തൃശൂർ 17, വയനാട് 15, പത്തനംതിട്ട 10, എറണാകുളം 8, കൊല്ലം 6, കോഴിക്കോട് 5, ഇടുക്കി, മലപ്പുറം, കാസർഗോഡ് 4 വീതം, ആലപ്പുഴ 2 എന്നിങ്ങനെ ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 22,938 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1619, കൊല്ലം 3109, പത്തനംതിട്ട 442, ആലപ്പുഴ 912, കോട്ടയം 2834, ഇടുക്കി 601, എറണാകുളം 2321, തൃശൂർ 2803, പാലക്കാട് 2758, മലപ്പുറം 1493, കോഴിക്കോട് 1635, വയനാട് 256, കണ്ണൂർ 1707, കാസർഗോഡ് 448 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 2,46,437 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 38,83,186 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 5,78,704 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇതിൽ 5,45,246 പേർ വീട് / ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റീനിലും 33,458 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 2829 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

# യുവജന സഹകരണ സംഘങ്ങൾ സെപ്റ്റംബർ ആറിന് ഉദ്ഘാടനം ചെയ്യും: മന്ത്രി

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി തീരുമാനിച്ച യുവജന സഹകരണ സംഘങ്ങൾ സെപ്റ്റംബർ ആറിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് സഹകരണ മന്ത്രി വി. എൻ. വാസവൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 25 സഹകരണ സംഘങ്ങളാണ് തീരുമാനിച്ചതെങ്കിലും ഇതുവരെ 26 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു. സംസ്ഥാന ചരിത്രത്തിൽ തന്നെ ആദ്യമായാണ് യുവജന സഹകരണ സംഘങ്ങൾ നിലവിൽ വരുന്നത്. യുവ ശക്തിയെ ഗുണപരമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായാണ് നടപടി. വ്യത്യസ്തമായ ആശയങ്ങളുമായാണ് യുവജനങ്ങൾ സഹകരണ സംഘം രജിസ്റ്റർ ചെയ്യാൻ മുന്നോട്ട് വന്നത്. വ്യത്യസ്ത ആശയങ്ങളിൽ നിന്നും വിശദമായ പരിശോധനകളുടെ അടിസ്ഥാനത്തിലാണ് സംഘങ്ങളെ തിരഞ്ഞെടുത്തത്. ഈ സഹകരണ സംഘങ്ങളിൽ വായ്പാ പ്രവർത്തനങ്ങളില്ല. സംരംഭകരായാണ് പ്രവർത്തിക്കുന്നത്. 18 വയസു മുതൽ 45 വയസുവരെയുള്ളവർക്കായിരിക്കും യുവജന സഹകരണ സംഘങ്ങളിൽ അംഗത്വം നൽകുക.

ഐടി, നിർമ്മാണം, കാർഷികം, മാലിന്യ നിർമ്മാർജ്ജനവും പുനരുപയോഗവും, വാണിജ്യം, ഉത്പാദനം, വിപണനം, സിനിമ, ഇക്കോ ടൂറിസം, ജൈവ കൃഷി മേഖലകളിലാണ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. കാറ്ററിംഗ് രംഗവും പ്രവർത്തന മേഖലയായി തിരഞ്ഞെടുത്തിട്ടുണ്ട്. തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സംഘങ്ങൾ, അവശ്യ സാധനങ്ങൾ മൊബൈൽ ആപ്പിലെ രജിസ്ട്രേഷനിലൂടെ വീട്ടിലെത്തിക്കുന്ന സഹകരണ സംഘങ്ങൾ, ചലച്ചിത്ര, ദൃശ്യ മാധ്യമ മേഖലകളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്ന സഹകരണ സംഘങ്ങൾ, പുസ്തക പ്രസാധനത്തിനും അച്ചടിക്കുമുള്ള സഹകരണ സംഘം, ജൈവ, അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനരുപയോഗത്തിന് ഉതകുന്ന തരത്തിൽ മാറ്റിയെടുക്കുന്ന സഹകരണ സംഘം, തൊഴിലാളികളെ ലഭ്യമാക്കുന്ന സംഘം, എല്ലാ തൊഴിലുകൾക്കും ആവശ്യമായ പണി ആയുധങ്ങൾ ലഭ്യമാക്കുന്ന സംഘം ഇങ്ങനെ വൈവിദ്ധ്യമായ പ്രവർത്തനങ്ങളാണ് യുവജന സഹകരണ സംഘങ്ങൾ നടത്തുകയെന്ന് മന്ത്രി പറഞ്ഞു.

കാർഷിക മേഖലയിൽ കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹകരണ വകുപ്പ് ശ്രമിക്കുകയാണ്. പാലക്കാട് 36 പ്രാഥമിക സംഘങ്ങൾ ചേർന്നാണ് നെൽ ഉത്പാദന സംഭരണ സംസ്കരണ വിപണന സഹകരണ സംഘം ആരംഭിച്ചത്. ഇപ്പോൾ കോട്ടയം ആസ്ഥാനമാക്കി സഹകരണ സംഘം രജിസ്റ്റർ ചെയ്തു കഴിഞ്ഞു. അപ്പർ കുട്ടനാടും കുട്ടനാടും അരി മില്ലുകൾ തുടങ്ങാനാണ് പദ്ധതി. ഇപ്പോൾ സ്വകാര്യ മില്ലുകാരുടെ ചൂഷണമുണ്ട്. രണ്ട് കിലോ മുതൽ 14 കിലോ വരെ തിരിവ് വരുന്നു. പല തരത്തിലാണ് കർഷകർ ബുദ്ധിമുട്ടുന്നത്. പുതിയ സഹകരണ സംഘം കർഷകർക്ക് ആശ്വാസമാകും. നെല്ല് സംസ്കരിച്ച് അരിയാക്കി സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വിൽക്കാൻ കഴിയും. കാർഷിക മേഖലയിൽ മറ്റ് രംഗങ്ങളിലും സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കും. നാളികേര രംഗത്ത് കേരഫെഡ് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുവെന്നും മന്ത്രി പറഞ്ഞു.

യുവജന സഹകരണ സംഘങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ് കേന്ദ്രമാക്കി രജിസ്റ്റർ ചെയ്ത യൂത്ത് ബ്രിഗേഡ് സംരംഭക സഹകരണ സംഘത്തിൽ ആറിന് വൈകിട്ട് നാലു മണിക്ക് നടക്കും. സഹകരണ വകുപ്പ് മന്ത്രി വി.എൻ. വാസവൻ അദ്ധ്യക്ഷത വഹിക്കും. വിദ്യാഭ്യാസം, തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി, തിരുവനന്തപുരം മേയർ ആര്യാ രാജേന്ദ്രൻ, വി.കെ. പ്രശാന്ത് എം.എൽ.എ, സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി, സഹകരണ സംഘം രജിസ്ട്രാർ പി.ബി. നൂഹു എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.

## മാസ്റ്റർ ട്രെയിനർമാരെ തിരഞ്ഞെടുക്കുന്നു

ധനകാര്യവകുപ്പിന്റെ കീഴിലുള്ള സ്പാർക്ക് പി.എം.യുവിൽ മാസ്റ്റർ ട്രെയിനർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. വിദ്യാഭ്യാസ യോഗ്യത, നിബന്ധനകൾ തുടങ്ങിയ വിവരങ്ങൾ www.in-fo.sp-ar-k.gov.in ൽ ലഭ്യമാണ്.

## ശുചിമുറിയിൽ പതിനേഴുകാരിയുടെ പ്രസവം: ബാലാവകാശ കമ്മീഷൻ കേസെടുത്തു

കൊച്ചിയിലെ സ്വകാര്യ ആശുപത്രി ശുചിമുറിയിൽ പതിനേഴുകാരി മാസം തികയാതെ പ്രസവിച്ച കുഞ്ഞ് മരിച്ച സംഭവത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കേസെടുത്തു. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ ചെയർമാൻ കെ.വി. മനോജ്കുമാർ സ്വമേധയായാണ് കേസെടുത്തത്. എറണാകുളം ജില്ലാ ബാല സംരക്ഷണ ഓഫീസർ, സൗത്ത് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ, ജില്ലാ പോലീസ് മേധാവി എന്നിവരോട് സെപ്റ്റംബർ 22 നകം റിപ്പോർട്ട് നൽകാൻ കമ്മീഷൻ നിർദ്ദേശം നൽകി.

## സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ ആസ്ഥാന കേന്ദ്രം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ പഠന ഗവേഷണ പരിശീലന സ്ഥാപനമായ സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷനായി (എസ്.എ.എസ്.എ) കൈമനത്ത് 4.41 കോടി രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടത്തിന്റെ പ്രവർത്തനോദ്ഘാടനം 7ന് ഉച്ചയ്ക്ക് 12.15ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കും. കേന്ദ്ര സഹമന്ത്രി (മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ) റാവു ഇന്ദർജിത് സിംഗ് മുഖ്യപ്രഭാഷണം നടത്തും. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടിക്കാറാം മീണ സ്വാഗതം പറയും. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടർ പി.വി. ബാബു റിപ്പോർട്ട് അവതരിപ്പിക്കും. ഡോ. ശശി തരൂർ എം.പി, മേയർ ആര്യ രാജേന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

# സ്മാർട്ട് ക്ലാസ് റും ലഭ്യമാക്കും: മന്ത്രി വി ശിവൻകുട്ടി

സവിശേഷ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും സ്മാർട്ട് ക്ലാസ് റും ലഭ്യമാക്കുമെന്ന് പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി കേരളം) കേരളത്തിലെ കാഴ്ച കേൾവി ബുദ്ധിപരിമിതരായ വിദ്യാർഥികൾക്കുവേണ്ടി എല്ലാ വിഷയങ്ങളുടേയും അനുരൂപീകൃത വീഡിയോ തയ്യാറാക്കി യൂട്യൂബ് ചാനൽ വഴി പ്രക്ഷേപണം ചെയ്യുന്ന ജ്യോതിർമയി പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഓൺലൈൻ ക്ലാസുകളിൽ ഭിന്നശേഷി കുട്ടികൾക്കും മുന്തിയ പരിഗണന നൽകുമെന്നും മന്ത്രി അറിയിച്ചു. വിദ്യാർഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രയോജനപ്പെടുത്താൻ കഴിയുമാറാണ് ജ്യോതിർമയിയുടെ രൂപകൽപന നിർവഹിച്ചിരിക്കുന്നത്. ഭിന്നശേഷിക്കാരായ കുട്ടികളെ സഹായിക്കേണ്ട രീതി, പഠനത്തിൽ സഹായിക്കുന്നതിന് ഉപയോഗിക്കേണ്ട സാമഗ്രികൾ, അവ നിർമിക്കേണ്ട വിധം തുടങ്ങിയവയെപ്പറ്റി വ്യക്തമായ ധാരണ ലഭിക്കുന്ന രീതിയിൽ രക്ഷിതാക്കൾക്കും ഈ യുട്യൂബ് ചാനലിലൂടെ ഓറിയന്റേഷൻ നൽകും. ബെയിൽ, ഓറിയന്റേഷൻ & മൊബിലിറ്റി, നിത്യജീവിത നൈപുണികൾ തുടങ്ങിയവ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് സഹായിക്കുന്ന മാർഗനിർദേശങ്ങളും ഇതിൽ ലഭ്യമാക്കും. സംസ്ഥാനത്തെ സവിശേഷ വിദ്യാലയങ്ങളിലെ പരിശീലനം ലഭിച്ച അധ്യാപകരുടെ വിഭവശേഷി ഉപയോഗപ്പെടുത്തി തയാറാക്കുന്ന വീഡിയോകൾ ആയതിനാൽ ഏറ്റവും മികച്ച പഠന വിഭവങ്ങൾ പ്രയോജനപ്പെടുത്താൻ അധ്യാപകർക്ക് ഇതുവഴി സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

'ജ്യോതിർമയി' സിഗ്നേച്ചർ വീഡിയോയുടെ പ്രകാശനം പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ ജീവൻബാബു നിർവഹിച്ചു. ജ്യോതിർമയിയുടെ ലോഗോ പ്രകാശനം സമഗ്രശിക്ഷാ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ. എ.പി. കുട്ടികൃഷ്ണൻ നിർവഹിച്ചു. യോഗത്തിൽ സ്വാഗതം ആശംസിച്ച് ഭിന്നശേഷി വിദ്യാർത്ഥികൾക്കായി എസ്.സി.ഇ.ആർ.ടി. നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് ഡയറക്ടർ ഡോ.ജെ. പ്രസാദ് വിശദീകരിച്ചു. സീമാറ്റ് ഡയറക്ടർ ഡോ. എം.എ.ലാൽ, സ്കോൾ കേരള വൈസ് ചെയർമാൻ ഡോ. പി.പ്രമോദ്, കരിക്കുലം വിഭാഗം മേധാവി ചിത്രാമാധവൻ എന്നിവർ സംസാരിച്ചു. റിസർച്ച് ഓഫീസർ അഞ്ജന വി.ആർ. ചന്ദ്രൻ യോഗത്തിന് കൃതജ്ഞത രേഖപ്പെടുത്തി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.